II അറിയിപ്പ്

അംഗങ്ങൾ എം. എൽ. എ. സ്ഥാനം രാജിവച്ചത് സംബന്ധിച്ച്.

9.30AM

മി. സ്പീക്കർ : ചേർത്തല നിയോജകമണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. എ. കെ. ആന്റണി 2005 ജൂൺ 8-ാം തീയതി മുതൽ കേരള നിയമസഭയിലെ തന്റെ സ്ഥാനം രാജിവച്ചിരിക്കുന്ന വിവരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 169-ാം ചട്ടത്തിന്റെ രണ്ടാം ഉപചട്ടത്തിന്റെ ക്ളിപ്ത നിബന്ധനപ്രകാരം ഞാൻ സഭയെ അറിയിക്കുന്നു.

താഴെ പറയുന്ന അംഗങ്ങൾ നിയമസഭയിലെ അവരവരുടെ സ്ഥാനം ഇന്നുമുതൽ രാജിവച്ചിരിക്കുന്ന വിവരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 169-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടപ്രകാരം സഭയെ അറിയിക്കുന്നു. ശ്രീ. എൻ. ഡി. അപ്പച്ചൻ (സുൽത്താൻ ബത്തേരി), ശ്രീ. ടി. വി. ചന്ദ്രമോഹൻ (കുന്നംകുളം), ശ്രീ. എം.എ. ചന്ദ്രശേഖരൻ (വടക്കേക്കര), ശ്രീ. എം. പി. ഗംഗാധരൻ (പൊന്നാനി), ശ്രീമതി മാധാ മാഘവൻ (നോർത്ത് വയനാട്), ശ്രീ. പി. ശങ്കരൻ (കൊയിലാണ്ടി), ശ്രീമതി മാലേത്ത് സരളാദേവി (ആറൻമുള), ശ്രീമതി ശോഭനാ ജോർജ് (ചെങ്ങന്നൂർ), ശ്രീ. ഡി. സുഗതൻ (അമ്പലപ്പുഴ).

III ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ പി. ജെ. ജോയി, തോമസ് ചാഴികാടൻ, ബിനോയ് വിശ്വം എന്നീ അംഗങ്ങളെ പതിനൊന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലേക്കുള്ള ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

IV അടിയന്തിര പ്രമേയം

കൗൺസലിംഗ് കേന്ദ്രങ്ങളിൽ വിദ്യാർത്ഥികളും യുവജനങ്ങളും നടത്തുന്ന പ്രക്ഷോഭം

മി. സ്പീക്കർ : കഴിഞ്ഞ നാല് ദിവസങ്ങളായി കൗൺസലിംഗ് കേന്ദ്രങ്ങളിൽ വിദ്യാർത്ഥികളും യുവജനങ്ങളും നടത്തുന്ന പ്രക്ഷോഭത്തിനു നേരെ പോലീസ് ടിയർഗ്യാസും, ഗ്രനേഡുകളും ജല പീരങ്കികളും പ്രയോഗിക്കുകയും ലാത്തിചാർജ്ജ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയും ചെയ്തതിന്റെ ഫലമായി ആയിരക്കണക്കിന് വിദ്യാർത്ഥികൾ ആശുപത്രികളിലാവുകയും നൂറുകണക്കിന് വിദ്യാർത്ഥികളെ ജയിലിൽ അടയ്ക്കുകയും ചെയ്തതുമൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ള പ്രക്ഷുബ്ധാവസ്ഥയും അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷവും സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ, വി. സി. കബീർ, എ. സി. ഷൺമുഖദാസ്, സി. കെ. നാണു, പി. സി. ജോർജ്ജ്, എ. എ. അസീസ്, ഡോ. കെ. സി. ജോസഫ്, എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* : സർ, പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന നടപടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 1-7-2005 മുതൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ കേന്ദ്രങ്ങളിൽ കൗൺസലിംഗ് നടത്തുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ കൗൺസലിംഗ് തടയുമെന്ന് എസ്. എഫ്. ഐ., ഡി. വൈ. എഫ്. ഐ. പ്രവർത്തകർ പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി 1-7-2005, 2-7-2005 എന്നീ തീയതികളിൽ എസ്. എഫ്. ഐ., ഡി. വൈ. എഫ്. ഐ. പ്രവർത്തകർ കോഴിക്കോട്, എറണാകുളം എന്നീ കൗൺസലിംഗ് സെന്ററുകളിലെത്തി പോലീസിനെ കല്ലെറിഞ്ഞും പൊതുമുതൽ നശിപ്പിച്ചും അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. തുടർന്ന് 4-7-2005-ന് തിരുവനന്തപുരം കൗൺസലിംഗ് സെന്ററിലേക്ക് പ്രകടനമായെത്തിയ സമരക്കാരെ വഴിയിൽവച്ച് പോലീസ് തടഞ്ഞു. ഇതിൽ പ്രകോപിതരായ പ്രകടനക്കാർ പോലീസുമായി ഉന്തും തള്ളും ഉണ്ടാക്കുകയും പോലീസിനു നേരെ കല്ലും കട്ടയും വലിച്ചെറിഞ്ഞ് അക്രമാസക്തരാകുകയും ചെയ്തു. അവരെ പിരിച്ചുവിടാൻ ലേപീരങ്കി പ്രയോഗിക്കുകയും ടീയർ ഗ്യാസ് ഷെല്ലുകൾ പൊട്ടിക്കുകയും ചെയ്തു. തുടർന്ന് വിദ്യാർത്ഥികളെ പോലീസ് മർദ്ദിക്കുന്നു എന്നാരോപിച്ച് രാവിലെ 9.30-ഓടുകൂടി എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ. പ്രവർത്തകർ നിയമസഭാ മന്ദിരത്തിലേക്ക് പ്രകടനമായെത്തി. അവരെ പോലീസ് തടഞ്ഞതിൽ പ്രകോപിതരായി പോലീസുകാർക്കുനേരെ കല്ലുംകട്ടയും വലിച്ചെറിഞ്ഞ് അക്രമാസക്തരായി നിലകൊണ്ടതിനാൽ അവരെ പിരിച്ചുവിടാൻ ടീയർ ഗ്യാസ് ഷെല്ലുകൾ പൊട്ടിച്ചു. തുടർന്ന് പിരിഞ്ഞുപോയ പ്രവർത്തകർ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ അക്രമങ്ങൾ നടത്തി. എറണാകുളം കൗൺസലിംഗ് സെന്ററിലേക്ക് പ്രകടനമായെത്തിയ പ്രവർത്തകരെ പോലീസ് തടഞ്ഞതിൽ പ്രതിഷേധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പോലീസിനുനേരെ ശക്തമായ കല്ലേറു നടത്തി. ജലപീരങ്കിയും ടിയർ ഗ്യാസ് ഷെല്ലുകളും ഉപയോഗിച്ച് അവരെ പിരിച്ചുവിട്ടു. പിരിഞ്ഞുപോയ പ്രവർത്തകർ നഗരത്തിൽ ഡ്യൂട്ടി കഴിഞ്ഞു വന്ന പോലീസ് ഉദ്യോഗസ്ഥർക്കുനേരെ അക്രമം നടത്തി. കോഴിക്കോട് കൗൺസലിംഗ് സെന്ററിലേക്ക് പ്രകടനമായെത്തിയവരെ പോലീസ് തടഞ്ഞ സമയം പോലീസ് ഉപരോധം മറികടന്ന് തള്ളിക്കയറാൻ ശ്രമിച്ചു. ആ ശ്രമം പരാജയപ്പെട്ടപ്പോൾ പോലീസുകാരുടെ നേരെ ശക്തമായ കല്ലേറു നടത്തി. ജല പീരങ്കിയും ഗ്രനേഡും ഉപയോഗിച്ച് അവരെ പിരിച്ചുവിട്ടു. പിരിഞ്ഞുപോയ പ്രകടനക്കാർ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽവച്ച് പോലീസിനെ ആക്രമിക്കുകയും പൊതുമുതൽ നശിപ്പിച്ചുകൊണ്ടുള്ള അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു. തുടർന്ന് വിദ്യാർത്ഥികളെ പോലീസ് മർദ്ദിച്ചു എന്നാരോപിച്ച് കാസർഗോഡ്, കണ്ണൂർ, മലപ്പുറം, ആലപ്പുഴ, കൊല്ലം, കോട്ടയം എന്നീ ജില്ലകളിൽ പ്രകടനം നടത്തിയ എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ., സി.പി.എം. പ്രവർത്തകർ വ്യാപകമായ തോതിൽ പൊതുമുതൽ നശിപ്പിക്കുകയും വാഹനങ്ങൾ തീയിടുകയും മറ്റും ചെയ്ത് അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. അവർ നടത്തിയ അക്രമങ്ങളുടെ ഫലമായി മണ്ട് ഡിവൈ.എസ്.പി., നാല് സി.ഐ. എന്നിവരുൾപ്പെടെ 141 പോലീസ് ഉദ്യോഗസ്ഥർക്കും 84 സമരാനുകൂലികൾക്കും 12 നാട്ടുകാർക്കും പരിക്കേറ്റിട്ടുണ്ട്. അക്രമ പ്രവർത്തനങ്ങളിൽ 112 വാഹനങ്ങൾ തകർക്കുകയും 10 വാഹനങ്ങൾ തീയിട്ട് നശിപ്പിക്കുകയും ചെയ്തു. മൂന്നു ദിവസത്തെ പ്രതിഷേധ പ്രവർത്തനങ്ങളോടനുബന്ധിച്ചുള്ള അക്രമ പ്രവർത്തനങ്ങൾക്ക് സമരക്കാർക്കെതിരെ 78 കേസുകൾ രജിസ്റ്റർ ചെയ്യുകയും 724 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ 279 പേരെ വിവിധ കോടതികൾ റിമാന്റ് ചെയ്തിട്ടുള്ളതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാന്യനായ മുഖ്യമന്ത്രി കേരളത്തിൽ നടക്കുന്ന സംഭവങ്ങളുടെ ഗൗരവം തീരെ ഉൾക്കൊള്ളാൻ തയ്യാറായിട്ടില്ല എന്നുള്ളതാണ് അദ്ദേഹത്തിന്റെ ഈ പ്രസ്താവനയിൽനിന്നും വ്യക്തമാകുന്നത്. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനത്തെ സംബന്ധിച്ച് കൗൺസിലിംഗ് ആരംഭിച്ചതോടുകൂടി വിദ്യാഭ്യാസ കച്ചവടത്തിനെതിരായി വിദ്യാർത്ഥികളും യുവജനങ്ങളും നടത്തുന്ന സമരത്തെ അടിച്ചമർത്താൻ ഗവൺമെന്റ് തീരുമാനിച്ചിരുന്നതാണ്. ഇതിന്റെ ഭാഗമായിട്ടാണ് സംസ്ഥാനത്ത് ഒരു ഭീകരാന്തരീക്ഷം പോലീസ് സൃഷ്ടിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ ഉമ്മൻ ചാണ്ടി മന്ത്രിസഭ സംസ്ഥാനത്ത് മിനി അടിയന്തിരാവസ്ഥ ഭരണമാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. ലാത്തി, ടിയർഗ്യാസ്, ഗ്രനേഡ്, തോക്ക്, ജലപീരങ്കി ഇവയാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. ഇവിടെ മിനി അടിയന്തിരാവസ്ഥ ഭരണമാണെന്നുള്ളതിന്റെ തെളിവ് നിയമസഭയുടെ സന്ദർശക ഗ്യാലറി നോക്കിയാൽ മതി. സന്ദർശക ഗ്യാലറി ശൂന്യമായിട്ട് ഈ നിയമസഭാ സമ്മേളനം ആരംഭിക്കുന്നത് ഈ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

നിലനിൽക്കുന്ന സ്ഥിതിവിശേഷം എന്താണെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ്. ഇന്നലെ എ.കെ.ജി. സെന്ററിനുനേരെ 25 തവണ ഗ്രനേഡ് പ്രയോഗിച്ചു. സംസ്ഥാന കമ്മിറ്റി യോഗം ചേരുമ്പോഴാണ് ഈ സംഭവം. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, എറണാകുളം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിലൊക്കെ ഇന്നലെ വളരെ ഭീകരമായ ലാത്തിച്ചാർജ്ജായിരുന്നു; മനുഷ്യവേട്ടയാണ് നടത്തിയത്. കണ്ണൂരിൽ വനിതാ മാർച്ചിനുനേരെപോലും പോലീസ് മൃഗീയമായ അക്രമം അഴിച്ചുവിട്ടു. ഇന്നലെ നിയമസഭയിൽ സഖാവ് ടി. കെ. ബാലന്റെ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ നിയമസഭാ കോംപൗണ്ടിലേക്ക് പോലീസ് ഗ്രനേഡ് വലിച്ചെറിഞ്ഞു. ഇങ്ങനെ ഒരു സംഭവം ഇതിനുമുമ്പ് സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോ? സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റ് സ്വീകരിച്ച നയമാണ് ഈ സംഘർഷത്തിന്റെ അടിസ്ഥാന കാരണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതു സംബന്ധിച്ച് ഒരു വാചകം പോലും ഇവിടെ പറഞ്ഞില്ല. സ്വാശ്രയ വിദ്യാഭ്യാസരംഗത്ത് ഗവൺമെന്റ് സ്വീകരിച്ച നയം രണ്ട് സ്വാശ്രയ കോളേജുകൾ ഒരു ഗവൺമെന്റ് കോളേജിന് തുല്യം എന്നായിരുന്നു. ഇത് ഞങ്ങളുടെ നയമല്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ നയമാണ്. നാല് വർഷം കേരളം ഭരിച്ചിട്ടും ഈ വാഗ്ദാനം നടപ്പാക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ഈ വാഗ്ദാനം നടപ്പിലാക്കണമെന്നു പറഞ്ഞുകൊണ്ടാണ് കേരളത്തിലെ വിദ്യാർത്ഥികളും യുവജനങ്ങളും രാഷ്ട്രീയ അഭിപ്രായ വ്യത്യാസമെന്യേ ഇന്ന് സമരരംഗത്തേക്ക് ഇറങ്ങിയിരിക്കുന്നത്. യു.ഡി.എഫ്.-ന്റെ വിദ്യാർത്ഥി സംഘടനകൾപോലും ഈ പ്രശ്നത്തിന്റെ പേരിൽ സമരത്തിലാണ്. കഴിഞ്ഞ വർഷം പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളിൽ 50 ശതമാനം മെറിറ്റ് വിദ്യാർത്ഥികളിൽ നിന്ന് ഗവൺമെന്റ് കോളേജിലെ ഫീസായിരുന്നു വാങ്ങിയത്. എന്നാൽ ഈ വർഷം പരിയാരം, കൊച്ചി കോളേജുകളിൽ കഴിഞ്ഞ വർഷം പ്രവേശനം നേടിയ മെറിറ്റ് വിദ്യാർത്ഥികളോട് ഈ വർഷം മുതൽ ഉയർന്ന ഫീസ് നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഗവൺമെന്റ് കോളേജുകളിലെ ഫീസ് കൊടുത്താൽ പഠിക്കാം എന്നു വിചാരിച്ച് കോളേജുകളിൽ ചേർന്നവർക്ക് അവരുടെ പഠനം നിർത്തേണ്ടിവരുന്ന സ്ഥിതിവിശേഷമാണ് ഗവൺമെന്റ് സൃഷ്ടിച്ചിരിക്കുന്നത്. ഈ വർഷം പരിയാരത്തും കൊച്ചിയിലും മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ 1,13,000 രൂപ ഫീസ് കൊടുക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുകയാണ്. സഹകരണമേഖലയിൽ, ഗവൺമെന്റ് നേരിട്ടുനടത്തുന്ന കോളേജുകളിലാണ് ഗവൺമെന്റുനയത്തെ വെല്ലുവിളിച്ചുകൊണ്ട് 9,000 രൂപയ്ക്ക് പകരം 1,13,000 രൂപ ഫീസ് വാങ്ങുന്നത്. വിദ്യാർത്ഥികൾ സമരം പ്രഖ്യാപിച്ചതിനെത്തുടർന്ന് വിദ്യാഭ്യാസ വകുപ്പ് അവരുടെ കീഴിലുള്ള കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് കോളേജുകളിലെ ഫീസ് മതിയെന്ന് കൗൺസലിംഗ് തുടങ്ങുന്നതിനുമുമ്പ് വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. കഴിഞ്ഞ വർഷം ഈ കോളേജുകൾ അത് നടപ്പിലാക്കിയിരുന്നില്ല. ഈ വർഷം

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ നടപ്പിലാക്കാം എന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. ട്രാൻസ്പോർട്ട് വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ ഈ വർഷം ഇത് നടപ്പാക്കുമെന്ന് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. എന്നാൽ ഈ ഗവണ്മെന്റ് തന്നെ നേരിട്ടു നടത്തുന്ന സഹകരണ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിലും, എൻജിനീയറിംഗ് കോളേജുകളിലും ഇത് നടപ്പിലാക്കാൻ ഗവണ്മെന്റ് തയ്യാറാകുന്നില്ല. ഒരു ഗവണ്മെന്റിന് രണ്ട് നയം ആണോ? ഈ ഗവണ്മെന്റിന് കൂട്ടുത്തരവാദിത്വം ഉണ്ടോ? ഇവിടെ മന്ത്രിമാർ അവരവരുടെ വകുപ്പുകൾ ഓരോ സാമ്രാജ്യമാക്കി ഭരിക്കുകയാണോ? ഓരോ മന്ത്രിമാരും സ്വീകരിക്കുന്ന നയത്തിന് മേലൊപ്പിച്ചുകൊടുക്കുന്ന ഒരു നമശിവായം മുഖ്യമന്ത്രിയായി ശ്രീ. ഉമ്മൻ ചാണ്ടി മാറിയോ? ഇവിടെ ഏത് ഗവണ്മെന്റ് നയമാണ് ഈ മന്ത്രിസഭയിലെ മന്ത്രിമാർ നടപ്പാക്കുന്നത്? വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിക്കും നടപ്പിലാക്കാൻ കഴിഞ്ഞ നയം എന്തുകൊണ്ട് സഹകരണ മേഖലയിൽ നടപ്പിലാക്കുന്നില്ല? ഇതാണ് ഈ സംസ്ഥാനത്ത് ഗുരുതരമായ സ്ഥിതിവിശേഷം സൃഷ്ടിച്ചത്. ഈ വർഷം മെറിറ്റ് സീറ്റിൽ എൻജിനീയറിംഗ് കോളേജിലെ വിദ്യാർത്ഥി 4,000 രൂപയുടെ സ്ഥാനത്ത് 38,000 രൂപ ഫീസ് കൊടുക്കണം. 9,000 രൂപ കൊടുക്കുന്ന മെഡിക്കൽ വിദ്യാർത്ഥിയോട് പറയുന്നു, ഒരു മെറിറ്റ് വിദ്യാർത്ഥി 1,13,000 രൂപ തന്നില്ലെങ്കിൽ കോളേജിൽനിന്ന് പുറത്തുപോയിക്കൊള്ളാൻ. ഈ ഗവണ്മെന്റ് നാളെ സ്വീകരിക്കുന്ന നയംഎന്തായിരിക്കും? ഓരോ വകുപ്പും ഓരോ നയം സ്വീകരിക്കുന്നതിന്റെ ഫലമായി കൗൺസിലിംഗ് കേന്ദ്രങ്ങൾ യുദ്ധക്കളമായി മാറിയിരിക്കുന്നു. ഇതിന്റെ ഫലമായി സ്വകാര്യ മാനേജുമെന്റുകൾക്ക് എന്തും ചെയ്യാമെന്ന അവസ്ഥ ഈ ഗവണ്മെന്റ് സൃഷ്ടിച്ചുകൊടുത്തു. ഗവണ്മെന്റ് പ്രഖ്യാപിച്ച നയം, ഗവണ്മെന്റ് നേരിട്ടു നടത്തുന്ന സ്ഥാപനങ്ങൾ നടപ്പാക്കാതെവന്നപ്പോൾ കേരളത്തിലെ സ്വകാര്യ മാനേജുമെന്റുകൾ അത് നടപ്പിലാക്കുമോ? രണ്ട് സ്വാശ്രയ കോളേജുകൾ ഒരു ഗവണ്മെന്റ് കോളേജിന് തുല്യം എന്നു പ്രഖ്യാപിച്ചുകൊണ്ട് അപേക്ഷിച്ചവർക്കെല്ലാം ഈ ഗവണ്മെന്റ് എൻ.ഒ.സി. കൊടുത്തു. എൻ.ഒ.സി. കൊടുത്തവരിൽനിന്നും ഒരു കരാർ പോലും ഗവണ്മെന്റ് എഴുതി വാങ്ങിയില്ല. ഇതിന്റെ ഫലമായി മാനേജുമെന്റുകൾക്ക് തോന്നുന്നപോലെ എന്തും ചെയ്യാമെന്ന അവസ്ഥ വന്നു. ഈ ഘട്ടത്തിൽ ഈ നിയമസഭ ഒരു നിയമം ഉണ്ടാക്കി. 50% മെറിറ്റു സീറ്റിൽ ഗവണ്മെന്റ് കോളേജിലെ ഫീസ് മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന നിയമം നമ്മൾ പാസ്സാക്കിയെങ്കിലും ആ നിയമം ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്തുന്നതിനുവേണ്ടി ഈ മന്ത്രിസഭ ഒന്നുംതന്നെ ചെയ്തില്ല. ഇതിന്റെ ഫലമായി ആ നിയമത്തെ ചോദ്യം ചെയ്യാൻ മാനേജുമെന്റുകൾക്ക് അവസരം ലഭിച്ചു. സുപ്രീംകോടതിക്ക് ഇടപെടാനുള്ള ഒരവസരം ഈ ഗവണ്മെന്റ് സൃഷ്ടിച്ചുകൊടുത്തു. അങ്ങനെ മാനേജുമെന്റുകൾക്ക് ഇഷ്ടംപോലെ പ്രവർത്തിക്കാനുള്ള സാഹചര്യം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കിക്കൊടുത്തതിനുത്തരവാദി ഈ മന്ത്രിസഭയാണ്. ഇവിടെ അന്ന് ആ ചെയറിൽ ഇരുന്ന അന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമൻ പറഞ്ഞ ഒരു കാര്യം ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. അദ്ദേഹം പറഞ്ഞു സംസ്ഥാനത്തെ ഇടതുപക്ഷവും വലതുപക്ഷവും ഒന്നിച്ചുചേർന്നുകൊണ്ട് സ്വീകരിച്ച നയം നടപ്പിലാക്കാൻ തയ്യാറല്ലാത്ത കേരളത്തിലെ സ്വാശ്രയ കോളേജുകളെ സംസ്ഥാനത്ത് പ്രവർത്തിക്കാൻ അനുവദിക്കരുത് എന്ന്. ആ ചെയറിൽ ഇരുന്നുകൊണ്ട്, ഇന്നത്തെ ധനകാര്യവകുപ്പുമന്ത്രിയായ ശ്രീ. വക്കം പുരുഷോത്തമൻ പറഞ്ഞ കാര്യം ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. അദ്ദേഹം ആ ചെയറിൽ നിന്നുമാറി ധനകാര്യമന്ത്രികസേരയിൽ എത്തിയപ്പോൾ അദ്ദേഹം ഉൾക്കൊള്ളുന്ന മന്ത്രിസഭയ്ക്ക് എന്തുകൊണ്ട് അത് നടപ്പിലാക്കാൻ സാധിക്കുന്നില്ല? ഇതാണ് സംസ്ഥാനത്ത് ഇവർ സ്വീകരിക്കുന്ന നയത്തിന്റെ ഏറ്റവും വലിയ തട്ടിപ്പ്. കോടതി നിർദ്ദേശപ്രകാരം രൂപീകരിച്ച ജസ്റ്റിസ് കെ.ടി. തോമസ് കമ്മിഷൻ നിശ്ചയിച്ച ഫീസ് മാത്രമേ മാനേജുമെന്റ് കോട്ടയിൽ വാങ്ങാൻ പാടുള്ളൂ. ജസ്റ്റിസ് കെ.ടി. തോമസ് കമ്മിഷൻ നിർദ്ദേശിച്ചതിനെ ലംഘിച്ചുകൊണ്ട് ഇവിടത്തെ മാനേജുമെന്റുകൾ കോഴ വാങ്ങുകയാണ്. ആ കോഴ വാങ്ങുന്ന മാനേജുമെന്റുകൾക്ക് മേലൊപ്പിച്ച് കൊടുക്കുന്ന ഒരു മന്ത്രിസഭയായി കേരളത്തിലെ യു.ഡി.എഫ്. ഗവണ്മെന്റ് അധഃപതിച്ചിരിക്കുകയാണ്. ബഹുമാന്യനായ ചെയർ അറിയണം — പുഷ്പഗിരി മാനേജുമെന്റ് അപേക്ഷ ഫോറം കൊടുക്കണമെങ്കിൽ ആദ്യം 25 ലക്ഷം രൂപ കൊടുക്കണം. അപേക്ഷാഫോറത്തിന് മാനേജുമെന്റ് സീറ്റിൽ ഇങ്ങനെ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുമ്പോൾ ഈ മന്ത്രിസഭ നോക്കിനിന്നാൽ മതിയോ? തങ്ങൾക്ക് ഇഷ്ടമുള്ളവരെ മാത്രം എടുക്കാൻ മാനേജുമെന്റുകൾ സ്വന്തം പ്രവേശന പരീക്ഷ നടത്തി. അവർ ചെയ്ത വിദ്യ എന്തെന്നുവച്ചാൽ അവർ എടുക്കാൻ ഉദ്ദേശിക്കുന്ന ആളുകൾക്ക് മുൻകൂട്ടി ചോദ്യപേപ്പർ കൊടുത്തു. അവരിൽ നിന്ന് ആൻസർ പേപ്പർ എഴുതി വാങ്ങിച്ചു. അങ്ങനെ അവർ ഉദ്ദേശിക്കുന്നവരെത്തന്നെ പ്രവേശിപ്പിക്കാൻസാധിക്കാവുന്ന വിധത്തിൽ എല്ലാ സംവിധാനവും ഉണ്ടാക്കി യോഗ്യരായവരുടെ പട്ടിക അവർതന്നെ തയ്യാറാക്കിവച്ചു. ഇവിടെ മാനേജുമെന്റ് നടത്തിയ പ്രവേശന പരീക്ഷ വെറും പ്രഹസനമായിരുന്നു. ഈ പ്രഹസന പരീക്ഷ നടത്തിയിട്ട് അതിന് സംരക്ഷണം കൊടുക്കാൻ ശ്രീ. ഉമ്മൻ ചാണ്ടിയുടെ തോക്ക്; ഈ പ്രഹസന പ്രവേശന പരീക്ഷ നടത്തിയ ആളുകൾക്ക് സംരക്ഷണം കൊടുക്കാൻ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗ്രനേഡ്; ശ്രീ. ഉമ്മൻ ചാണ്ടിയുടെ ജലപീരങ്കി. ഇതാരെ സംരക്ഷിക്കാനാണ്? ഇത്തവണ കൗൺസലിംഗ് ആരംഭിക്കുന്നതിനുമുമ്പു തന്നെ വിദ്യാർത്ഥികൾ സമരം പ്രഖ്യാപിച്ചു. കഴിഞ്ഞ തവണ ഗവണ്മെന്റ് പറഞ്ഞു, കൗൺസലിംഗ് കഴിഞ്ഞുപോയി; അതുകൊണ്ട് ഒന്നും ചെയ്യാൻ കഴിയില്ല; നമുക്ക് അടുത്ത തവണ ആലോചിക്കാമെന്ന്. ഇത്തവണ വിദ്യാർത്ഥികൾ ഇതു മനസ്സിലാക്കിക്കൊണ്ട് കൗൺസലിംഗ് ആരംഭിക്കുന്നതിനുമുമ്പുതന്നെ സമരം

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ചു. ഇപ്പോൾ ഗവണ്മെന്റ് ചെയ്തതെന്താണ്? കൗൺസലിംഗ് നടത്താൻ പോലീസിനെ ഇളക്കിവിട്ടു. യുദ്ധസമാനമായ സാഹചര്യം ഗവണ്മെന്റ് സൃഷ്ടിച്ചുകൊടുത്തു. ശത്രുസൈന്യത്തെ നേരിടുന്നപോലെയാണ് വിദ്യാർത്ഥി സമരക്കാരെ ഇന്ന് ഗവണ്മെന്റ് നേരിട്ടുകൊണ്ടിരിക്കുന്നത്. ഇത്രവരെ പറയുന്നു, ഉയർന്ന ഫീസ് നൽകാമെന്നുപറഞ്ഞ് കൗൺസലിംഗ് കഴിഞ്ഞ് ചേർന്നവർക്ക് കുറച്ചു കൊടുക്കാൻ സാധിക്കുമോ എന്ന്. അങ്ങനെ ചോദിച്ചുകൊണ്ടായിരുന്നു കഴിഞ്ഞ വർഷം ഫീസ് കുറയ്ക്കാതിരുന്നത്? ഈ വർഷം കൗൺസലിംഗ് തുടങ്ങുന്നതിനു മുമ്പ് സമരം പ്രഖ്യാപിച്ചിട്ടും ഈ പ്രശ്നം കൂടിയാലോചിക്കാൻ ഗവണ്മെന്റ് തയ്യാറായോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നാണ് രാഷ്ട്രീയപാർട്ടി നേതാക്കന്മാരെ ചർച്ചയ്ക്ക് വിളിച്ചിരിക്കുന്നത്; കേരളത്തെ കുട്ടിച്ചോറാക്കിയതിനുശേഷം. ഇന്ന് രാഷ്ട്രീയപാർട്ടിനേതാക്കന്മാരെ വിളിച്ച് ചർച്ച നടത്തുന്ന മുഖ്യമന്ത്രിക്ക് ഈ കൗൺസലിംഗ് ആരംഭിക്കുന്നതിനുമുമ്പ് രാഷ്ട്രീയ പാർട്ടി നേതാക്കന്മാരെ വിളിച്ചു ചർച്ച ചെയ്യണമെന്ന് എന്തുകൊണ്ട് തോന്നിയില്ല? ഇത്രയും ദിവസം കേരളത്തിൽ നടന്ന മുഴുവൻ സംഭവവികാസത്തിനും ഉത്തരവാദി ഈ മുഖ്യമന്ത്രിയും, ഈ മന്ത്രിസഭയുമാണ് എന്നതിന്റെ ഏറ്റവും വലിയ തെളിവല്ലേ ഇത്; ഈ വിദ്യാഭ്യാസ നയം ആർക്കുവേണ്ടിയാണ്? ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനോടും ചോദിക്കട്ടെ, ഈ നയം ആരെയാണ് സഹായിക്കുന്നത്? കേരളത്തിലെ 3 ശതമാനം വരുന്ന വിഭാഗത്തിനാണ് ഈ സമരംകൊണ്ട് ഗുണം കിട്ടിയത്. ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെയും ശ്രീ. കുഞ്ഞാലിക്കുട്ടിയുടെയും ശ്രീ. ആര്യാടൻ മുഹമ്മദിന്റെയും ജില്ലയായ മലപ്പുറം രണ്ടത്താണിയിലെ യൂനിസ് എന്ന വിദ്യാർത്ഥി എം.ബി.ബി.എസ്. എൻട്രൻസ് ലിസ്റ്റിൽ 688-ാം റാങ്കുകാരനാണ് . 688-ാം റാങ്കുകാരനായ യൂനിസ് മുസ്ലീം റിസർവേഷനിൽ 110-ാമനാണ്. 110-ാമൻ കൗൺസലിംഗ് കേന്ദ്രത്തിൽ എത്തിയപ്പോൾ 109-ാം റാങ്കുകാരനുവരെ ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ പ്രവേശനം കിട്ടിക്കഴിഞ്ഞു. ഈ വിദ്യാർത്ഥിക്ക് അലോട്ടുമെന്റ് കിട്ടുന്നത് പരിയാരം മെഡിക്കൽ കോളേജിൽ പേമെന്റ് സീറ്റിലല്ല, ഗവണ്മെന്റ് മെറിറ്റ് സീറ്റിൽ. മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്ന ഈ വിദ്യാർത്ഥിക്ക് 1,13,000 രൂപ ഫീസ് കൊടുക്കാൻ പണമില്ല. മുസ്ലീം റിസർവേഷനിലെ 110-ാമൻ എം.ബി.ബി.എസ്. കോഴ്സിന് ചേരാതെ പ്രവേശന കൗൺസലിംഗ് കേന്ദ്രത്തിൽ നിന്ന് കരഞ്ഞിറങ്ങിപ്പോകുന്ന റിപ്പോർട്ട് നിങ്ങൾ വായിച്ചിട്ടുണ്ടോ? കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസനയത്തിന്റെ ഭീകരമായ മുഖമാണ് യൂനിസിനുണ്ടായ അനുഭവം വ്യക്തമാക്കുന്നത്. ഈ വിദ്യാഭ്യാസ നയംകൊണ്ട് ആർക്കാണ് ഗുണം? പരിയാരം മെഡിക്കൽ കോളേജിൽ മെറിറ്റ് സീറ്റിലെ വിദ്യാർത്ഥികൾക്ക് ഗവണ്മെന്റ് കോളേജ് ഫീസ് ആയിരുന്നുവെങ്കിൽ യൂനിസിന് ഇവിടെ പ്രവേശനം കിട്ടുമായിരുന്നില്ലേ? യൂനിസ് എന്നു പറയുന്ന പാവപ്പെട്ട കുടുംബത്തിലെ വിദ്യാർത്ഥി ഒരു ഡോക്ടറാകുമായിരുന്നില്ലേ? ജോലിചെയ്തുകൊണ്ടു പഠിക്കുന്ന യൂനിസിന് ആ കോളേജിൽ പ്രവേശനം നിഷേധിച്ചത് ഈ ഗവണ്മെന്റ് സ്വീകരിച്ച

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസനയത്തിന്റെ ഫലമായിട്ടല്ലേ? ഈ നയംകൊണ്ട് ആർക്കാണ് ഗുണം കിട്ടിയത്? മുസ്ലീം റിസർവേഷനിൽ 110-ാമനുപോലും പ്രവേശനം കിട്ടാത്ത ഒരു പ്രവേശന പരീക്ഷ എന്തിനുവേണ്ടിയാണ് ഈ സംസ്ഥാനത്ത് നടത്തുന്നത്? ഈ വിദ്യാഭ്യാസ നയം മുസ്ലീം മതന്യൂനപക്ഷങ്ങൾക്കെതിരാണ്; പിന്നാക്ക ക്കാർക്കെതിരാണ്; പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കെതിരാണ്. ഈ നയം സഹായിക്കുന്നത് വെറും മൂന്ന് ശതമാനം വരുന്ന വിഭാഗത്തെയാണ്. അക്ഷര വ്യാപാരികൾക്കുവേണ്ടി സ്വീകരിച്ച നയമാണിത്. ഈ നയത്തിനെ വിജയിപ്പിക്കാൻവേണ്ടി എന്തിനാണ് പോലീസിനെ ഇറക്കിവിടുന്നത്? കോടതിക്കുപുറത്ത് ഈ പ്രശ്നം തീർക്കാൻ ഗവണ്മെന്റ് ശ്രമിച്ചിട്ടുണ്ടോ? മാനേജുമെന്റുകളെ വിളിച്ച് കൂടിയാലോചന നടത്തിയിരുന്നെങ്കിൽ അവർ വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുമായിരുന്നു. പേമെന്റ് സീറ്റിൽ 25 ലക്ഷം രൂപ, 32 ലക്ഷം രൂപ, 40 ലക്ഷം രൂപ എന്നിങ്ങനെ വാങ്ങുന്ന മാനേജുമെന്റുകളോട് "നിങ്ങൾ കോഴ വാങ്ങുന്നുണ്ട്, നിങ്ങൾ നിയമവിരുദ്ധമായി പ്രവർത്തിക്കുകയാണ്, നിങ്ങളുടെ അഫിലിയേഷൻ റദ്ദാക്കാതിരിക്കാൻ കാരണം ബോധിപ്പിക്കണം" എന്ന് പറഞ്ഞുകൊണ്ട് ഒരു നോട്ടീസ് കൊടുക്കാനെങ്കിലും ഈ ഗവണ്മെന്റിന് സാധിച്ചിട്ടുണ്ടോ? ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്ന മാനേജുമെന്റുകളോട് മെറിറ്റ് സീറ്റിലെ വിദ്യാർത്ഥികളെ ഗവൺമെന്റ് കോളേജിലെ ഫീസ് വാങ്ങി മാത്രമേ പ്രവേശിപ്പിക്കാൻ പാടുള്ളുവെന്ന ഒരു നോട്ടീസ് എങ്കിലും കൊടുത്തിരുന്നെങ്കിൽ ഇവിടുത്തെ മാനേജു മെന്റുകൾ അനുസരിക്കുമായിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടി യു.ഡി.എഫ്. കൺവീനർ ആയിരുന്ന കാലത്ത് ഒരു നിശ്ചിത ശതമാനം വിദ്യാർത്ഥികളിൽനിന്ന് ഗവൺമെന്റ് കോളേജിലെ ഫീസ് വാങ്ങാമെന്ന് സമ്മതിച്ചതായിരുന്നു. എന്നാൽ ഗവൺമെന്റ് അവർക്ക് അനുകൂലമായ നയം സൃഷ്ടിക്കുമെന്ന് മനസ്സിലായപ്പോൾ അവർ അവരുടെ വഴിക്ക് പോകാൻ നോക്കുന്നു. ഇതിനുള്ള അവസരം ഗവൺമെന്റാണ് സൃഷ്ടിച്ചുകൊടുത്തത്. കേരളത്തിലെ വിദ്യാഭ്യാസരംഗം പ്രക്ഷുബ്ധാവസ്ഥയിലാണ്; സംസ്ഥാനമാകെ ഇന്ന് പ്രക്ഷുബ്ധാവസ്ഥയിലാണ്. ബഹുമാനപ്പെട്ട കോടതി ഈ ഘട്ടത്തിലിടപെട്ടു. കോടതി ഗവൺമെന്റായി, പോലീസായി. കോടതിയിൽ ആരും പരാതിയുമായി പോയിട്ടില്ല. കോടതി പറഞ്ഞു ,ഇവരെ എല്ലാം നേരിട്ടുകൊള്ളാൻ. "കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി". അടിയന്തിരാവസ്ഥക്കാലത്ത് സുപ്രീം കോടതിയിൽ അറ്റോർണി ജനറൽ വാദിച്ചതുപോലെ, എല്ലാ പൗരാവകാശങ്ങളും റദ്ദു ചെയ്തെന്നു പറഞ്ഞതുപോലെ കേരളത്തിലെ ഹൈക്കോടതി പറയുന്നു, ഈ സമരത്തെ അടിച്ചമർത്തണമെന്ന്. എന്നിട്ട് ഹൈക്കോടതി പറഞ്ഞു, ഈ വിധി പ്രഖ്യാപിക്കുന്നത് ആരാണെന്ന് പത്രത്തിൽ കൊടുക്കേണ്ട എന്ന്. എന്താണ് നമ്മുടെ ഹൈക്കോടതിയുടെ സ്ഥിതി? .....

(ബഹളം)..... ഞങ്ങൾ ഇന്നയിന്ന ആളുകൾ പേർന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ഒരു വിധി പ്രസ്താവിക്കുന്നതെന്ന് പറഞ്ഞുകൊണ്ട് ഒരു വിധി പ്രഖ്യാപിക്കാൻ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന് സാധിക്കാതെ വന്നിരിക്കുന്നു. ഗവൺമെന്റ് ചെയ്യേണ്ട കാര്യം കോടതി ഏറ്റെടുത്തു. അങ്ങനെ ചെയ്തപ്പോൾ ഈ ഗവൺമെന്റ് പറയുന്നത് കോടതി പറഞ്ഞിരിക്കുന്നുവെന്നാണ്. കോടതി പറഞ്ഞ എല്ലാ കാര്യങ്ങളും നിങ്ങൾ ചെയ്തിട്ടുണ്ടോ? ഇവിടത്തെ മദ്യവ്യവസായങ്ങൾക്കെതിരായി കോടതി വിധി ഇല്ലേ? ചന്ദന മാഫിയയ്ക്കെതിരെ വിധിയില്ലേ? പെൺവാണിഭക്കാർക്കെതിരെ വിധിയില്ലേ? ഈ വിധികളെല്ലാം നടപ്പിലാക്കിയിട്ടുണ്ടോ? ഇത് വിദ്യാർത്ഥികൾക്കെതിരായതുകൊണ്ടും ജനങ്ങൾക്കെതിരായതുകൊണ്ടുമാണോ നടപ്പിലാക്കാൻ താത്പര്യം? ഇറിടെ എല്ലാ സ്ഥലത്തും വിദ്യാർത്ഥികൾ പ്രകോപനമുണ്ടാക്കിയെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. എന്ത് പ്രകോപനമാണുണ്ടാക്കിയത്? എല്ലാ സമരകേന്ദ്രങ്ങളിലും സമരക്കാർ എത്തുന്നതിനുമുൻപ് തന്നെ ലാത്തിച്ചാർജ്ജ് നടത്തുന്നു. മുഖ്യമന്ത്രി അന്വേഷിച്ചുനോക്കിയോ? ഇതിനുമുൻപ് പല സമരരംഗത്തും പോയ ആളല്ലേ? നിങ്ങൾക്കിങ്ങനെ ഒരു അനുഭവം ഉണ്ടായിട്ടുണ്ടോ? സമരകേന്ദ്രത്തിൽ എത്തുന്നതിനുമുൻപ് ലാത്തിച്ചാർജ്ജ്, കണ്ണീർ വാതകം, ജലപീരങ്കി എന്നിവയൊക്കെ ഉപയോഗിച്ചിട്ടുണ്ടോ? 25,000 ലിറ്റർ വെള്ളം നിറച്ചുവച്ചിരിക്കുന്നു. പോലീസ് കാർട്ടേഴ്സിൽ കുട്ടികൾക്ക് കുടിക്കാൻപോലും വെള്ളമില്ലാത്ത സാഹചര്യത്തിൽ സമരക്കാർക്കുനേരെ വെള്ളം ചീറ്റാൻ ജലപീരങ്കി. ആ വെള്ളമാണെങ്കിലോ മലിനജലമാണ്—ഓടയിലെ വെള്ളം. മന്ത്രിമാരുടെ വീട്ടിലെ കക്കൂസിൽനിന്ന് നിറയ്ക്കുകയാണ്. മുഖ്യമന്ത്രി പീരങ്കിക്കാരോട് പറയണം കുറച്ച് നല്ല വെള്ളമെങ്കിലും അതിനകത്ത് നിറയ്ക്കാൻ. ഇമ്മാതിരി ഭ്രാന്തൻ പോലീസ് കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ലാത്തിച്ചാർജ്ജും ടിയർ ഗ്യാസും ഗ്രനേഡും കൊണ്ട് ഈ സമരത്തെ നേരിടാമെന്നാണ് ഗവൺമെന്റ് കരുതുന്നത്. ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തട്ടെ; എറണാകുളത്ത് സംസ്ഥാന കമ്മിറ്റിയംഗങ്ങളായ അനിത, ഷൈനി എന്നീ രണ്ട് ലാകോളേജ് വിദ്യാർത്ഥിനികളെ പോലീസുകാർ ബൂട്ട്സിട്ടു ചവിട്ടുന്ന രംഗം ടെലിവിഷനിൽ കണ്ടില്ലേ? നിലത്തു വീണ വിദ്യാർത്ഥിനികളെ എന്തിനു തല്ലി? ടെലിവിഷനിൽ ആ രംഗം മുഖ്യമന്ത്രി കണ്ടില്ലേ? നിലത്ത് വീണുകിടക്കുന്ന വിദ്യാർത്ഥിനികളെയാണ് പോലീസ് തലങ്ങും വിലങ്ങും അടിക്കുന്നത്. അടിച്ച പോലീസുകാരനെ കൈരളി ടി.വി. വ്യക്തമായി കാണിച്ചിട്ടുണ്ട്. അങ്ങനെ ചെയ്ത പോലീസുകാരൻ ആരാണെന്ന് സമൂഹത്തിന് അറിയാം. മുഖ്യമന്ത്രി നടപടി എടുക്കുമോ? വീണുകിടക്കുന്ന വിദ്യാർത്ഥിനികളെ പോലീസ് എന്തിനിങ്ങനെ കൈകാര്യം ചെയ്തു? അതും പുരുഷ പോലീസ്. ഇന്നലെ തിരുവനന്തപുരത്ത് എസ്.എഫ്.ഐ. നേതാവ് സിന്ധു ജോയി എന്ന വിദ്യാർത്ഥിനിയെ പോലീസ് മൃഗീയമായി തല്ലി. നമിത, രമ്യ എന്നീ വിദ്യാർത്ഥിനികൾക്ക് ഗുരുതരമായി പരിക്കേറ്റു. ഗ്രനേഡ് എറിഞ്ഞാണ് ഇവർക്ക് പരിക്കേറ്റത്.

LIBRARY ARCHIVES Kerala Legislative Assembly

ഡി.വൈ.എഫ്.ഐ. യുടെ സംസ്ഥാന സെക്രട്ടറി പ്രദീപ് കുമാറിനെ അടിച്ചു. എസ്. എഫ്. ഐ. യുടെ നിരവധി നേതാക്കൻമാർ ആശുപത്രിയിലായി. എ.ഐ.എസ്.എഫ്., എ.ഐ.വൈ.എഫ്. പ്രവർത്തകർക്കൊക്കെ പരിക്കേറ്റു. ഇന്നിതാ കെ.എസ്.യു.-വിന്റെ പ്രവർത്തകരെ തിരഞ്ഞുനോക്കി അടിച്ചു. മുഖ്യമന്ത്രി പറഞ്ഞതിനേക്കാൾ കൂടുതൽ ആളുകളെ ഇന്ന് ജയിലിൽ കുത്തിനിറച്ചിരിക്കുകയാണ്. അഞ്ഞൂറോളം ആളുകൾ പോലീസ് കസ്റ്റഡിയിൽ ഉണ്ട്. അതിൽ മുന്നൂറോളം പേരെയാണ് ജയിലിൽ കൊണ്ടുപോയിട്ടുള്ളത്. ആശുപത്രിയിൽ 306 പേർ ഉണ്ട്. സർക്കാർ കേരളത്തെ ഇന്നൊരു യുദ്ധക്കളമാക്കി മാറ്റിയിരിക്കുകയാണ്. അതീവ ഗുരുതരമായ സംഭവങ്ങളാണ് ഇന്നലെ നടന്നത്. ഞങ്ങളുടെ പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി യോഗം നടക്കുകയായിരുന്ന എ.കെ.ജി. സെന്ററിനുനേരെ 25 തവണ ഗ്രനേഡ് പ്രയോഗിച്ചു; കണ്ണീർവാതക ഷെല്ലുകൾ തുരുതുരാ പ്രയോഗിച്ചു. 12.45-ഓടുകൂടിയാണ് പോലീസ് എ.കെ.ജി. സെന്ററിൽ പ്രവേശിച്ചത്. അവിടെ ഉണ്ടായിരുന്ന കോട്ടയം, ആലപ്പുഴ ജില്ലാ കമ്മിറ്റികളുടെയുൾപ്പെടെ അഞ്ച് കാറുകൾ അടിച്ചുതകർത്തു. ഇങ്ങനെ എ.കെ.ജി. സെന്ററിനുനേരെ ചെയ്യാൻ വിവരംകെട്ട ഒരു പോലീസുകാരന് സാധിക്കുമോ? മുഖ്യമന്ത്രി നേരിട്ട് വിളിച്ചുപറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് എ.കെ.ജി സെന്ററിൽ പ്രവേശിച്ചത്. പാർട്ടി നേതാക്കൻമാർ കൂട്ടത്തോടെ യോഗം ചേർന്നുകൊണ്ടിരിക്കുമ്പോൾ മുഖ്യമന്ത്രി കൊടുത്ത നിർദ്ദേശപ്രകാരം ആ നേതാക്കൻമാരെ ആക്രമിക്കുകയായിരുന്നു പോലീസിന്റെ പരിപാടി. അതിനുവേണ്ടിയാണ് സംസ്ഥാന കമ്മിറ്റി യോഗം നടക്കുന്ന എ.കെ.ജി സെന്ററിനുനേരെ ഗ്രനേഡ് പ്രയോഗിച്ചത്. ഒരു പാർട്ടി ഓഫീസിൽ പോലീസ് കയറുക എന്നത് ശ്രീ. ഉമ്മൻ ചാണ്ടി മുൻപൊരിക്കലും പൊറുത്തിരുന്നതല്ല. 1981-ൽ അദ്ദേഹത്തിന്റെ പാർട്ടിയുടെ ഇവിടത്തെ ഡി.സി.സി. ഓഫീസിൽ പോലീസ് കയറി എന്നു പറഞ്ഞ് നായനാർ മന്ത്രിസഭയുടെ പിൻതുണ പിൻവലിക്കാൻ നേതൃത്വം കൊടുത്ത നേതാവാണ് ശ്രീ. ഉമ്മൻ ചാണ്ടി. പാർട്ടി ഓഫീസിന്റെ പ്രാധാന്യം ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിക്കേണ്ടതില്ല. ശ്രീ. ചന്ദ്രശേഖർ പ്രധാനമന്ത്രിയായിരുന്നപ്പോൾ എ.ഐ.സി.സി. ഓഫീസിൽ ഏതോ പോലീസുകാരൻ എത്തി നോക്കി എന്ന് പറഞ്ഞ് ചന്ദ്രശേഖർ മന്ത്രിസഭയുടെ പിൻതുണ പിൻവലിച്ച പാർട്ടിയാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ പാർട്ടി. ആ പാർട്ടി കേരളം ഭരിക്കുമ്പോൾ, ശ്രീ. ഉമ്മൻ ചാണ്ടി കേരള മുഖ്യമന്ത്രി ആയിരിക്കുമ്പോൾ സംസ്ഥാന കമ്മിറ്റി ഓഫീസിൽ പോലീസിനെ കയറൂരി വിടുക, ഗ്രനേഡ് പ്രയോഗിക്കുക തുടങ്ങിയവ ചെയ്തിരിക്കുന്നു. ഇതെല്ലാം കേരളത്തിൽ മുൻപുണ്ടായിട്ടുണ്ടോ? പതിനാറ് വർഷം മുൻപ് അങ്ങനെ പോലീസ് കയറിയിട്ടുണ്ട്. അതിന് കേരളം ശക്തമായി പ്രതികരിച്ചിട്ടുണ്ട്. ഇന്ന് കേരളം ആകെ നിശ്ചലാവസ്ഥയിലായിരിക്കുകയാണ്. കേരളം പണിമുടക്കിയിരിക്കുകയാണ്. ഇത്തരത്തിൽ പോലീസ് അതിക്രമംകൊണ്ട് കേരളം ഭരിക്കാമെന്ന് ഉമ്മൻ ചാണ്ടി കണക്കുകൂട്ടരുത്. ഇതിനേക്കാൾ വലിയ മർദ്ദന വീരൻമാരായ ഭരണാധികാരികൾ കേരളത്തിൽ ഉണ്ടായിരുന്നു. ആ മർദ്ദനവീരൻമാരായ ഭരണാധികാരികളെ നിലയ്ക്കുനിർത്തിയ സംസ്ഥാനമാണ് കേരളം. പ്രകോപനമുണ്ടാക്കിയതിനാണ് പോലീസ് ഇടപെട്ടത് എന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞു. ആലുവായിൽ 19

LIBRARY ARCHIVES Kerala Legislative Assembly

വൈദികരെ അടിച്ചത് അവർ എന്ത് പ്രകോപനമുണ്ടാക്കിയിട്ടാണ്? പള്ളിയിൽ കയറി വൈദികൻമാരെപോലും തല്ലാൻ പോലീസിന് സാധിക്കത്തക്ക സ്ഥിതിവിശേഷം സൃഷ്ടിച്ച് ഈ ഗവൺമെന്റ് പോലീസിനെ കയറൂരി വിട്ടിരിക്കുകയാണ്. അതിന്റെ ഫലമായി എന്തും ചെയ്യാവുന്ന അവസ്ഥയിലേക്ക് കേരളം എത്തിക്കൊണ്ടിരിക്കുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് കേരളത്തെ ഒരു യുദ്ധക്കളമാക്കി മാറ്റിയിരിക്കുകയാണ്. പോലീസിനെ ഉപയോഗിച്ച് ഈ സമരം നേരിടാമെന്ന് പ്രതീക്ഷിക്കരുത്. ഈ സമരത്തിൽ ഉന്നയിക്കുന്നത് പാവപ്പെട്ടവന്റെ പ്രശ്നമാണ്. പാവപ്പെട്ടവന് പഠിക്കണം; പണം ഇല്ലാത്തവന് പഠിക്കണം; കേരളത്തിൽ സാമൂഹ്യ നീതി ഉറപ്പുവരുത്തണം. അതിനുവേണ്ടിയുള്ള പോരാട്ടമാണ്. വിദ്യാർത്ഥി നേതാവായിരുന്ന ശ്രീ. ഉമ്മൻചാണ്ടി കേരളം ഭരിക്കുമ്പോൾ ഇങ്ങനെ ഒരു സ്ഥിതിവിശേഷമുണ്ടായി, അദ്ദേഹം അതിന് കൂട്ടുനിൽക്കുന്ന സ്ഥിതിയാണ്. അദ്ദേഹം ഇന്ന് വിദ്യാഭ്യാസ കച്ചവടക്കാരുടെതടവുപുള്ളിയായി മാറിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ ഈ വിദ്യാഭ്യാസ നയം തിരുത്തുന്നതിനുവേണ്ടി നമുക്ക് ഇടപെടാൻ സാധിക്കണം. രാഷ്ട്രീയ പാർട്ടി നേതാക്കൻമാരുടെ യോഗം വിളിച്ചിട്ടുണ്ടെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തടിതപ്പരുത്. ഈ വിഷയം സഭയിൽ ചർച്ച ചെയ്യാം. ഇത്തരം ഗുരുതരമായ അവസ്ഥ കേരളത്തിൽ ഉണ്ടാവുമ്പോൾ, കേരളമാകെ കത്തിക്കാളുമ്പോൾ ഇവിടെ വൃക്ഷം നട്ടുപിടിപ്പിക്കാനുള്ള ബില്ലല്ല ഈ ദിവസം ചർച്ച ചെയ്യേണ്ടത്. കേരളം അതീവ ഗുരുതരമായ പ്രശ്നത്തെ നേരിടുകയാണ്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ സഭാനടപടികൾ നിർത്തിവച്ച് ഈ പ്രശ്നം അടിയന്തിരവിഷയമായിട്ടെടുത്ത് ചർച്ച ചെയ്യാനുള്ള അവസരം സൃഷ്ടിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

10.00 AM

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ അടിയന്തിരപ്രമേയത്തിന് അവതരണാനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രസംഗം ഞാൻ ശ്രദ്ധയോടുകൂടി കേൾക്കുകയായിരുന്നു. അദ്ദേഹം ഇതിനു മുമ്പ് പലപ്പോഴും അടിയന്തിരപ്രമേയാവതരണത്തിന് നോട്ടീസ് നൽകിക്കൊണ്ട് നടത്തിയ പ്രസംഗങ്ങൾ ഓർക്കുമ്പോൾ ഇന്ന് അദ്ദേഹം ഹൃദയത്തിൽ തട്ടിയാണോ ഈ കാര്യങ്ങൾ പറഞ്ഞതെന്ന് ഞാൻ സംശയിക്കുകയാണ്. അദ്ദേഹത്തിന്റെ ഉള്ളിലിരിക്കുന്ന ചില കാര്യങ്ങൾ ഇതിന്റെ മറവിൽ നടന്നതിന്റെ സന്തോഷവും ഉള്ളിലുണ്ട് എന്നാണ് എന്റെ വിശ്വാസം. സ്വാശ്രയ കോളേജിലെ അഡ്മിഷന്റെ കാര്യത്തിൽ നമ്മൾ തമ്മിൽ അഭിപ്രായവ്യത്യാസമില്ല. 25 കൊല്ലം മുമ്പ് സംസ്ഥാനത്ത് കൊണ്ടുവരേണ്ട സ്വാശ്രയ കോളേജ് അപ്രായോഗികമായ മുദ്രാവാക്യങ്ങളും യാഥാർത്ഥ്യബോധമില്ലാത്ത സമീപനവും കൊണ്ട് കൊണ്ടുവരാൻ സാധിച്ചില്ല. 2001-ൽ അധികാരത്തിൽ വന്ന ആന്റണി ഗവൺമെന്റ് എടുത്ത ഉറച്ച തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ കുട്ടികൾക്ക് ഇവിടെ പഠിക്കാനുള്ള അവസരം ഉണ്ടായത്. അന്ന് 50 ശതമാനം ഗവൺമെന്റ് മെറിറ്റ്, 50 ശതമാനം മാനേജ്മെന്റ് സീറ്റ് എന്ന ധാരണയിലാണ് തുടങ്ങിയത്. 50 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

മെറിറ്റിൽ ഗവൺമെന്റ് ഫീസ്. മാനേജുമെന്റുകൾക്ക് അവർ നിശ്ചയിക്കുന്ന ഫീസ്. രണ്ട് സ്വാശ്രയകോളേജ് ഒരു ഗവൺമെന്റ് കോളേജിന് തുല്യം. ഇതായിരുന്നു ഗവൺമെന്റിന്റെ വ്യക്തമായ സമീപനം. .....(ബഹളം).... വ്യക്തമായ സാമൂഹ്യബോധം കൂടി ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റ് കൊണ്ടുവന്ന വ്യക്തമായ ഒരു നയമാണത്. കാരണം, പണമുള്ളവൻ കേരളത്തിന് പുറത്തുപോയി പഠിക്കുകയാണ്. പഠിച്ചിട്ടില്ലേ? നേതാക്കന്മാരുടെ മക്കൾ പുറത്തുപോയി പഠിച്ചിട്ടില്ലേ? കേരളത്തിലെ പാവപ്പെട്ടവരുടെ മക്കൾക്കും കേരളത്തിൽ പഠിക്കാൻ അവസരമുണ്ടാക്കണമെന്നതിന്റെ പേരിൽ ആന്റണി ഗവൺമെന്റ് കൊണ്ടുവന്ന ഒരു പരിപാടിയാണിത്. അതിൽ 50 ശതമാനം ഗവണ്മെന്റ് ഫീസ് തന്നെ എന്നായിരുന്നു തീരുമാനം. രണ്ട് സ്വാശ്രയ കോളേജ് = ഒരു ഗവൺമെന്റ് കോളേജ്. അത് ആദ്യത്തെ ഒരു കൊല്ലം നടന്നു. അപ്പോഴാണ് സുപ്രീംകോടതി ഇടപെട്ടതും, വിധി വന്നതും. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്.....

ശ്രീ ഉമ്മൻ ചാണ്ടി: സുപ്രീംകോടതി വിധി വന്നപ്പോൾ പറഞ്ഞു, മാനേജ്മെന്റ് കോട്ട എത്രയെന്ന് നിശ്ചയിക്കാൻ ഗവൺമെന്റിന് അധികാരമുണ്ട; പക്ഷേ രണ്ടു തരം ഫീസ് പറ്റില്ല; ഒരു ഫീസ് മാത്രമേ ആകാവൂ, അതിന് ഒരു പ്രത്യേക കമ്മിഷനെ വയ്ക്കണം എന്ന്. രണ്ട് സ്വാശ്രയകോളേജ് = ഒരു ഗവൺമെന്റ് കോളേജ് എന്നുള്ള നയം അനുസരിച്ച് തന്നെയാണ് ഈ കോളേജുകൾ ആരംഭിക്കുന്നത്; അതിൽ ഗവൺമെന്റിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അല്ലാതെ പണക്കാർക്ക് പഠിക്കാൻ വേണ്ടിയല്ല. ആന്റണി ഗവൺമെന്റ് ഇത് കൊണ്ടു വരുന്നതുവരെ പണക്കാർക്കും നേതാക്കൻമാരുടെ മക്കൾക്കും മാത്രമേ പുറത്തുപോയി പഠിക്കാൻ അവസരം കിട്ടിയിട്ടുള്ളൂ. ഇവിടെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും പഠിക്കാനുള്ള അവസരമുണ്ടാകണമെന്നതിന്റെ പേരിൽ എടുത്ത ധീരമായ നടപടിയാണിത്. പക്ഷേ സുപ്രീംകോടതി ഇടപെട്ടു. മാനേജ്മെന്റ് കോട്ടയ്ക്ക് എന്ത് മാനദണ്ഡം വേണമെങ്കിലും വച്ചോ, പക്ഷേ ഫീസ് രണ്ടു തരം പറ്റില്ല, അതിനുവേണ്ടി കമ്മിഷനെ വയ്ക്കണമെന്ന് പറഞ്ഞുകൊണ്ടുള്ള സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് രൂപീകരിച്ച ജസ്റ്റീസ് കെ. ടി. തോമസ് കമ്മിഷൻ നിശ്ചയിച്ച ഫീസ് എല്ലാ സ്വാശ്രയ പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്കും ബാധകമാക്കുന്നതിനെതിരെ വിമർശനമുണ്ടായ സാഹചര്യത്തിൽ നിയമസഭയിൽ ഗവൺമെന്റ് ഒരു നിയമം കൊണ്ടു വന്നു. നിങ്ങൾക്ക് അത് ഓർമ്മയില്ലേ? നിങ്ങൾക്കറിയില്ലേ? എന്താണ് നിയമം? 50 ശതമാനം മാനേജ്മെന്റ് കോട്ട, 50 ശതമാനം ഗവൺമെന്റ് മെറിറ്റ്. ഗവൺമെന്റ് മെറിറ്റ് സീറ്റിൽ ഗവൺമെന്റ് ഫീസ്. ആ നിയമം കേരള നിയമസഭ പാസ്സാക്കി.

LIBRARY ARCHIVES Kerala Legislative Assembly

കോടതിയിൽ പോയപ്പോൾ മാനേജ്മെന്റ് കോട്ട 50 ശതമാനം എന്ന് തീരുമാനിച്ചു. മാനേജ്മെന്റ് അതിനെ എതിർത്തു. 50% പോരാ, 75 ശതമാനം വേണമെന്നാണ് അവർ പറഞ്ഞത്. മാനേജ്മെന്റിന്റെ വാദഗതി തള്ളിയിട്ട് 50 ശതമാനം മാനേജ്മെന്റിന് കൊടുത്തത് അംഗീകരിച്ചു. 50 ശതമാനം ഗവൺമെന്റ് സീറ്റ് വേണമെന്നും അതിൽ ജസ്റ്റീസ് കെ. ടി. തോമസ് കമ്മിഷന്റെ ഫീസ് തുടരാനും പറഞ്ഞു. ക്രോസ് സബ്സിഡി പറ്റില്ല, ഒരു കോളേജിൽ ഒരു വിദ്യാർത്ഥി പഠിക്കുന്നതിന് മറ്റൊരു വിദ്യാർത്ഥിയുടെ കയ്യിൽ നിന്ന് ഫീസ് ഈടാക്കുന്നത് ശരിയല്ല, ക്രോസ് സബ്സിഡി പാടില്ലെന്നു പറഞ്ഞുകൊണ്ട് നമ്മുടെ ആക്ടിലെ അംഗീകരിച്ച ഒരു പോർഷൻ, ഫീസിന്റെ പോർഷൻ അംഗീകരിക്കാത്ത നിലയുണ്ടായി. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പാവപ്പെട്ടവർക്കുവേണ്ടി വളരെ രൂക്ഷമായി സംസാരിച്ചല്ലോ. ഞങ്ങൾ പറഞ്ഞില്ലേ ടെ ണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി നമുക്ക് ഒന്നിച്ച് കേന്ദ്രത്തിൽ പോകാം, all party delegation പോകാമെന്ന് . നിങ്ങൾ സഹകരിച്ചോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഒമ്പതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് സർവ്വകക്ഷി യോഗം പറഞ്ഞ ഒരു നിർദ്ദേശവും നമ്മുടെ മുന്നിൽ ഇതുവരെ വച്ചിട്ടില്ല. അവാസ്തവം പറയരുത്.....(ബഹളം).....

ശ്രീ. ഉമ്മൻചാണ്ടി: സർ, ഒച്ചവച്ചതുകൊണ്ട് ഇരിക്കുന്ന ആളല്ല ഞാൻ. ഇവിടെ നിയമം ചർച്ചയ്ക്ക് വന്നപ്പോൾ നിങ്ങൾ പറഞ്ഞതെന്താണ്? ഞങ്ങൾ കൂടാം; ചില ഭേദഗതികൾ അംഗീകരിക്കണമെന്നാണ്. എന്താണ് ഭേദഗതി? മാനേജ്മെന്റ് കോട്ടയിലും നിയന്ത്രണങ്ങൾ വേണമെന്ന് നിങ്ങൾ പറഞ്ഞു. അതു നടക്കുമോ? സ്വാശ്രയ.....

മി. സ്പീക്കർ: .....(ബഹളം).....പ്ലീസ്..... എല്ലാവരുംകൂടി ബഹളം വച്ചിട്ട് യാതൊരു കാര്യവുമില്ല. അര മണിക്കൂർ നേരം ശ്രീ. കോടിയേരി ബാലകൃഷ്ണന് സംസാരിക്കാൻ സമയം കൊടുത്തു. മുഖ്യമന്ത്രിക്ക് പറയാനുള്ള അധികാരമുണ്ട്. മുഖ്യമന്ത്രി പറയുന്നതിൽ, സർവ്വകക്ഷി സമ്മേളനത്തിൽ എടുത്ത തീരുമാനത്തെ സംബന്ധിച്ച് പ്രതിഷേധമോ എതിർപ്പോ ഉണ്ടെങ്കിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അതിന്റെ അഭിപ്രായം പറഞ്ഞു കഴിഞ്ഞു. പിന്നെ എല്ലാവരും കൂടി പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല. പ്ലീസ്.....സഹകരിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, മാനേജ്മെന്റ് കോട്ടയ്ക്കും നിയന്ത്രണങ്ങൾ വച്ചാലേ നിങ്ങൾ സഹകരിക്കുകയുള്ളൂ എന്ന് പറഞ്ഞു. സ്വാശ്രയ കോളേജുകൾ നടക്കണമെങ്കിൽ ആ സ്ഥാപനത്തിൽ തന്നെ അവർക്ക് അതു നടത്തിക്കൊണ്ടുപോകാൻ പറ്റുന്ന റിസോഴ്സസ് ഉണ്ടായേ പറ്റൂ. അപ്പോൾ സ്വാഭാവികമായും മെറിറ്റ് സീറ്റിൽ ഗവൺമെന്റ് ഫീസ് ഗവൺമെന്റ് ഫീസ് എന്നു പറഞ്ഞാൽ സൗജന്യമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

അർത്ഥം. നാലായിരം രൂപയോ ആറായിരം രൂപയോ കൊടുക്കണമെന്നു പറഞ്ഞാൽ വലിയ കാര്യമല്ല. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും മാനേജ്മെന്റ് സീറ്റിൽ അവർക്ക് സ്വാതന്ത്ര്യം കൊടുക്കേണ്ടിവരും. അല്ലെങ്കിൽ സാമ്പത്തിക കൊള്ളലുകൾ വേണ്ട എന്ന് വയ്ക്കുന്നതിന് തുല്യമാണ്. ഇത് ഒമ്പതാം ഷെഡ്യൂളിൽ ഉൾപ്പെടുത്താൻ വേണ്ടി ഗവൺമെന്റ് മൂവ് ചെയ്തിട്ടുണ്ട്. ഗവൺമെന്റ് അതിനുവേണ്ടി ശക്തമായ സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഇപ്പോൾ നിങ്ങളോട് ആവർത്തിച്ച് ചോദിക്കുന്നു. സഭ പാസ്സാക്കിയ ആ നിയമത്തിൽ മാറ്റങ്ങൾ വരണമെന്നു പറഞ്ഞാൽ ഇനി സാധിക്കുമോ? അതുകൊണ്ട് ആ നിയമം ഭരണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിന് നിങ്ങളുടെ സഹകരണംകൂടി വേണം. നമുക്ക് കൂട്ടായി അതിനായി ശ്രമിക്കാം. അതുകൊണ്ട് ഇതിൽ നിങ്ങൾക്ക് കൂടി പ്രായോഗികമായ സമീപനം എടുക്കണം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, ഗവൺമെന്റ് മെറിറ്റ് സീറ്റിൽ ഗവൺമെന്റ് ഫീസ് ഈടാക്കണം എന്നു പറയുന്നതിനോട് പൂർണ്ണമായും യോജിപ്പാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഭരണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഒരു കൊല്ലക്കാലം നമുക്കുണ്ടായിരുന്നു, ആ ഒരു കൊല്ലക്കാലം നമ്മൾ ഒന്നും ചെയ്തിട്ടില്ല. ഇത്തവണ കൗൺസലിംഗ് കഴിയാൻ പോകുന്നു. ഇനിയും 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയാൽ ഈ വിദ്യാർത്ഥികൾക്ക് ഇത് ബാധകമാകില്ല. ഇനി അടുത്തവർഷത്തെ വിദ്യാർത്ഥികൾക്കേ ഇത് ബാധകമാകൂ. അടുത്ത ഒരു ഗവൺമെന്റ് ഇവിടെ വരും, അപ്പോൾ നമുക്ക് അത് തീരുമാനിക്കാം.

ശ്രീ. ഉമ്മൻ ചാണ്ടി: ഒരു വർഷം ഒന്നും ചെയ്തില്ലെന്നു പറയുന്നത് ശരിയല്ല. ഒന്നും ചെയ്യാതിരുന്നത് നിങ്ങൾ മാത്രമാണ്. ഗവൺമെന്റ് ചെയ്യേണ്ടത് ചെയ്തു. ജൂലൈ 20-ാം തീയതിയും നവംബർ 11-ാം തീയതിയും ഗവൺമെന്റ് ഇതുസംബന്ധിച്ചുള്ള പ്രൊപ്പോസൽ അയയ്ക്കുകയും അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഒരു all party ആയി, കേരളത്തിന്റെ ഒന്നാകെയുള്ള ശബ്ദമായി അവിടെ എത്തിക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടു. അതിന് നിങ്ങൾ വച്ച വ്യവസ്ഥകൾ യാഥാർത്ഥ്യബോധമില്ലാത്തതായിപ്പോയി. അതുകൊണ്ടാണ് അത് സംഭവിച്ചത്. ഈ നയം ആർക്കാണ് പ്രയോജനമെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ചു. എം.ബി.ബി.എസ്.-ന് 2001-ൽ 900 സീറ്റുണ്ടായിരുന്നത് ഇന്ന് 1500 ആയി വർദ്ധിച്ചു. 900 സീറ്റുണ്ടായിരുന്നപ്പോൾ ഇവിടെയുള്ള പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സൗജന്യമായി പഠിക്കാൻ ലഭിച്ചിരുന്നത് 90 സീറ്റാണ്. ഇന്ന് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 150 വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠിക്കാം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ യൂനിസ് എന്ന വിദ്യാർത്ഥിയുടെ കാര്യം പറഞ്ഞു, ഈ ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയംകൊണ്ട് ഇവിടെ 60 പട്ടികജാതി-പട്ടികവർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തിൽപ്പെട്ടവർക്കാണ് സൗജന്യമായി പഠിക്കാനുള്ള അവസരം ലഭിച്ചത്. സമ്പന്നൻമാരുടേയും നേതാക്കന്മാരുടെയും മക്കൾ ലക്ഷങ്ങൾ കൊടുത്ത് അയൽ സംസ്ഥാനങ്ങളിൽ പോയി പഠിച്ചുവരുന്നു. പാവപ്പെട്ടവർക്ക് പഠിക്കാൻ നിവൃത്തിയില്ലായിരുന്നു. അവർക്ക് പഠിക്കാനുള്ള അവസരം ഇവിടെ കൊടുത്തു. എഞ്ചിനീയറിംഗ് കോളേജിൽ 10,093 സീറ്റാണ് 2001-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്നത്. ഇന്ന് അത് 22,837 ആയി. പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നേരത്തേ സൗജന്യമായി പഠിക്കാൻ അവസരം കിട്ടിയതിന്റെ ഇരട്ടിയിലധികം സീറ്റുകൾ ഇന്നിപ്പോൾ എഞ്ചിനീയറിംഗ് കോളേജുകളിൽ അവർക്ക് ലഭിച്ചിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പട്ടികജാതി സമുദായത്തിൽപ്പെട്ട മഞ്ജു എസ്. ആനന്ദ് എന്ന വിദ്യാർത്ഥിനി ആത്മഹത്യ ചെയ്യേണ്ടി വന്നത് നിങ്ങളുടെ നയം കൊണ്ടാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: നമ്മൾ തമ്മിൽ ഈ കാര്യത്തിൽ ഒരു അഭിപ്രായ വ്യത്യാസമില്ല. മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് ഗവൺമെന്റ് ഫീസേ ആകാവൂ എന്നുള്ള കാര്യത്തിൽ ഗവൺമെന്റിന് മറ്റൊരഭിപ്രായമില്ല. അത് പ്രായോഗിക തലത്തിൽ കൊണ്ടുവരാൻ പറ്റാത്ത വിധത്തിൽ സുപ്രീംകോടതി വിധി വന്നപ്പോൾ ഇവിടെ നിയമം കൊണ്ടുവന്ന് പാസ്സാക്കി ഗവൺമെന്റിന്റെ ആത്മാർത്ഥത തെളിയിച്ചതാണ്. ഇനിയും അത് പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി ഞങ്ങൾ വളരെ ആത്മാർത്ഥതയോടു കൂടിത്തന്നെ നിൽക്കും. നിങ്ങൾ കൂടി സഹകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത്ര രൂക്ഷമായ സമരം കേരളത്തിലുണ്ടാകുമ്പോൾ ദേശാഭിമാനിയുടെ ഫ്രണ്ട് പേജിലെ പരസ്യം സ്വാശ്രയ കോളേജിൽ അഡ്മിഷനുവേണ്ടിയുള്ളതാണെന്ന കാര്യം മറക്കരുത്. .....(ബഹളം).... അടികൊടുത്തതിന്റെ പടംപോലും ഇതിൽ കൊടുത്തിട്ടില്ല.....(ബഹളം)..... സ്വാശ്രയ കോളേജിനോടുള്ള എതിർപ്പും ഈ പാവപ്പെട്ട കുട്ടികളെ തല്ലാൻ ഇറക്കിവിടുകയുമൊക്കെ ചെയ്യുന്നത്-കൈയിൽ കാശ് കിട്ടുമ്പോൾ എതിർപ്പൊക്കെ മാറും—അതാണ് ഫ്രണ്ട് പേജിൽ കൊടുത്തിരിക്കുന്നത്. ഞാൻ ന്യായീകരിക്കുകയല്ല.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മുഖ്യമന്ത്രി പറയുന്നതൊക്കെ ഞങ്ങൾ കേൾക്കാം. പക്ഷേ ഇവിടെ സ്വാശ്രയ സ്ഥാപനത്തിന് ഒരു പരസ്യം കൊടുത്തു എന്നുപറഞ്ഞിട്ട് ഞങ്ങൾ പറഞ്ഞിരിക്കുന്ന ആ നിലപാടിനെയാണ് നിങ്ങൾ പരിശോധിക്കേണ്ടത്. ഞങ്ങളുടെ നിലപാട് സ്വാശ്രയ സ്ഥാപനത്തിലെ 50 ശതമാനം മെറിറ്റ് സീറ്റിൽ ഗവൺമെന്റ് കോളേജിൽ നിലനിൽക്കുന്ന ഫീസ് വേണമെന്നുള്ളതാണ്. അതിൽ നിന്നും പ്രശ്നം twist ചെയ്യുകയാണ്. അങ്ങ് വെറുതെ കാടുകയറി പോകരുത്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊന്ന്, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ദുഃസൂചനയുള്ള ഒരു പരാമർശമുണ്ട്. "കൈയിൽ കാശ് കിട്ടിയാൽ എല്ലാ നിലപാടും മാറും"എന്നുള്ളത്. അതുകൊണ്ട് എന്താണ് അങ്ങ് ഉദ്ദേശിച്ചത്? കൈയിൽ കാശ് കിട്ടിയാൽ എല്ലാ നിലപാടും മാറും മെന്നുള്ളതിൽ ദുഃസൂചനയുണ്ട്. ഞങ്ങളുടെ പാർട്ടി അങ്ങനെ പെയ്യുന്നവരല്ല. പുഷ്പഗിരി മാനേജുമെന്റിന്റെ ഇടപാടൊന്നും ഞാനിവിടെ പറയുന്നില്ല. അതുകൊണ്ട് ആ പരാമർശം അങ്ങ് പിൻവലിക്കുന്നതാണ് നല്ലത്.....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ ആരേയും വേദനിപ്പിക്കാൻവേണ്ടി പറഞ്ഞതല്ല. എന്റെ മുമ്പിൽ വന്ന ഒരു സത്യം പറഞ്ഞുവെന്നു മാത്രമേയുള്ളൂ. അത് നിങ്ങളെ വേദനിപ്പിച്ചുവെങ്കിൽ ഞാൻ അത് പിൻവലിച്ചിരിക്കുന്നു. ഞാൻ ഒരു സത്യം നിങ്ങളെ കാണിച്ചുവെന്നുമാത്രമേയുള്ളൂ. ഞാൻ ആരേയും വേദനിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ ഞാൻ അത് പിൻവലിച്ചിരിക്കുന്നു, എനിക്ക് അല്ലാതെ ഒരു വഴിയുമില്ല.

നിങ്ങളുടെ നിലപാടും ഗവൺമെന്റിന്റെ നിലപാടും തമ്മിൽ ഈ കാര്യത്തിൽ വ്യത്യാസമില്ല. നിങ്ങൾ എടുത്ത നിലപാടിനോട് ഗവൺമെന്റിന്റെ തന്നെ നയം അതായിരുന്നു. ഗവൺമെന്റ് തുടങ്ങുന്ന സമീപനം അതായിരുന്നു. അതിനുവേണ്ടി പറയുക മാത്രമല്ല, ഇവിടെ നിയമം കൊണ്ടുവന്ന് പാസ്സാക്കി. ആ നിയമം രാഷ്ട്രീയേതര സാഹചര്യത്തിൽ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്താൻവേണ്ടി ശ്രമിക്കുന്നു. അതിന് നിങ്ങളുടെ കൂടി സഹായം അഭ്യർത്ഥിക്കുകയാണ് ചെയ്യുന്നത്. ഞങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസമില്ല. സുപ്രീംകോടതി വിധി ഇവിടെ നടപ്പിലാക്കാതിരിക്കാൻ പറ്റുമോ? ജനാധിപത്യ വ്യവസ്ഥിതിയിൽ ഈ രാജ്യത്തെ പരമോന്നത നീതിപീഠം പറയുന്നത് നടപ്പിലാക്കാൻ ബാദ്ധ്യസ്ഥരല്ലേ? ഞാൻ ന്യായീകരിക്കുകയല്ല ചെയ്യുന്നത്. നിങ്ങൾ പറയുന്നതിനോട് പൂർണ്ണമായി യോജിച്ചുകൊണ്ട്, ഗവൺമെന്റ് ഫീസ് തന്നെ വേണമെന്ന് പറഞ്ഞുകൊണ്ട് നിങ്ങളെ ഒരു കാര്യം ഓർമ്മിപ്പിക്കുകയാണ്. പശ്ചിമബംഗാളിൽ എത്രയാണ് ഫീസ് എന്നുകൂടി നിങ്ങൾ അന്വേഷിച്ചാൽ കൊള്ളാം. 32,000 രൂപയാണ് അവിടത്തെ ഫീസ്. അതുകൊണ്ട് ഇവിടെ വാങ്ങുന്നതിനെ ന്യായീകരിക്കുന്നില്ല. ഇവിടെ ഗവൺമെന്റ് ഫീസ് ആക്കാൻ തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹവും തീരുമാനവും. അത് നടപ്പിലാക്കാൻവേണ്ടിത്തന്നെ ശ്രമിക്കും. പക്ഷേ നിങ്ങൾ ഇത്രയധികം സമരവും ബഹളവുമൊക്കെ നടത്തുമ്പോൾ പശ്ചിമബംഗാളിൽകൂടി ഗവൺമെന്റ് മെറിറ്റ് ഫീസ് നടപ്പിലാക്കിയിട്ട് പശ്ചിമബംഗാളിൽ ഇങ്ങനെ ഒരു മാർഗ്ഗം ഉണ്ട് എന്തുകൊണ്ട് ഇവിടെ ചെയ്തുകൂടാ എന്ന് പറഞ്ഞു കഴിഞ്ഞാൽ കുറച്ചുകൂടി പ്രായോഗികമാകുമായിരുന്നു.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിൽ ഇരിക്കുമ്പോൾ ചില ബുദ്ധിമുട്ടുകൾ ഉണ്ട്. കോടതി വിധി നടപ്പിലാക്കിയേ പറ്റൂ. സ്വാശ്രയ കോളേജ് നിലനിൽക്കാൻ ആവശ്യമായ റിസോഴ്സസ് അവിടെ നിന്നും വന്നേ പറ്റൂ. അങ്ങനെ വരുന്ന സമയത്ത് ഗവൺമെന്റിന് ഗവൺമെന്റിന്റേതായ ചില ബുദ്ധിമുട്ടുകൾ ഉണ്ട്. പ്രതിപക്ഷത്തിരിക്കുമ്പോൾ നിങ്ങൾ അത് ചൂണ്ടിക്കാണിച്ചോളൂ, എതിർത്തോളൂ, പ്രതിഷേധിച്ചോളൂ. പക്ഷേ പ്രായോഗികമായി ഒരു കാര്യത്തിനുവേണ്ടി ഈ നിലവരെ പോകണമോ എന്ന് നിങ്ങൾ ആലോചിച്ചാൽ കൊള്ളാം. യൂനിസ് എന്ന വിദ്യാർത്ഥിയുടെ കാര്യത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ വളരെ വികാരപരമായി സംസാരിച്ചു. ഞാൻ ആ വികാരത്തെ ഉൾക്കൊള്ളുന്നു. യൂനിസ് ആ ഹാളിൽ വന്നത് എങ്ങനെയാണ് എന്നത് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ അന്വേഷിച്ചോ? യൂനിസിനെ ആ ഹാളിൽ കൊണ്ടുവരാൻ വേണ്ടിയിട്ടാണ് പോലീസുകാർ ഈ പണിയൊക്കെ ചെയ്തിരിക്കുന്നത്. അല്ലാതെ മറ്റൊരെയെന്നിനുമല്ല. ഇവിടെ എൻട്രൻസ് പരീക്ഷ എഴുതി ഒന്നാം റാങ്ക് കിട്ടിയ കുട്ടിയെ ഉൾപ്പെടെയാണ് നിങ്ങൾ തടഞ്ഞത്. ആ എൻട്രൻസ് പരീക്ഷയിൽ ഏറ്റവും നല്ലതുപോലെ പരീക്ഷ എഴുതി ഒന്നും രണ്ടും മൂന്നും റാങ്ക് കിട്ടിയ കുട്ടികൾ ഉൾപ്പെടെയുള്ളവരെയാണ് എന്തുവില കൊടുത്തും ഇവിടെ കയറ്റില്ല എന്ന് തീരുമാനിച്ചത്. ഡി.വൈ.എഫ്. ഐ. യുടെ സ്റ്റേറ്റുമെന്റ് ഞാൻ വായിക്കാം.....(ബഹളം.....)'Addressing a Press Conference here on Monday, the leaders warned that those who are trying to suppress the agitations of the students against such illegal examinations will be dealt with physically by the DYFI activists'.എന്നാൽ പിന്നെ ഈ വരുന്ന എൻട്രൻസ് കൗൺസലിംഗിനെ എന്തിനാണ് എതിർക്കുന്നത്? ഒന്നാം റാങ്ക് കിട്ടിയ കുട്ടിയെ എന്തിനു തടഞ്ഞു? എന്തിന് യൂനിസിനെ തടഞ്ഞു? ഇത് ഗവൺമെന്റിന്റെ കൗൺസലിംഗ് ആണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ വളരെ വികാരപരമായി പറഞ്ഞ ആ യൂനിസ് കരഞ്ഞുകൊണ്ടല്ല പോയത്. ചിരിച്ചുകൊണ്ടാണ് പോയത്. ആ കുട്ടിക്ക് ബി.ഡി.എസ്.-ന് സെലക്ഷൻ കിട്ടിയ സന്തോഷത്തോടുകൂടിയാണ് പോയത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : യൂനിസിന് എം.ബി.ബി.എസ്.-ന് 1,13,000 രൂപ കൊടുക്കാൻ പറ്റാത്തതുകൊണ്ടാണ് മെറിറ്റ് സീറ്റിൽ കിട്ടിയ ബി.ഡി.എസ്.-ന് ചേർന്നത്. പരിയാരം മെഡിക്കൽ കോളേജിൽ ആ ഏർപ്പാട് ചെയ്തിരുന്നുവെങ്കിൽ ആ കുട്ടിക്ക് അവിടെ സെലക്ഷൻ കിട്ടുമായിരുന്നു എന്നാണ് ഞാൻ പറഞ്ഞത്. അതിന് എന്താണ് അങ്ങ് ഉത്തരം പറയാത്തത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : ഇത് സന്തോഷത്തോടെ ചെയ്തതല്ല. നിങ്ങൾ തന്നെ സ്വയം ചിന്തിക്കൂ. ഗവൺമെന്റിന് ഇതല്ലാതെ എന്താണ് മാർഗ്ഗം? (.....ബഹളം.....) ഇന്ന് മൂന്ന് മണിക്ക് കക്ഷി നേതാക്കൻമാരെ വിളിച്ചിട്ടുണ്ട്. ഞങ്ങൾ ഈ സമരത്തിന്റെതായ പശ്ചാത്തലങ്ങൾ മുഴുവൻ പറയും. (.....ബഹളം.....)

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാ കാര്യങ്ങളിലും മറുപടി പറയാൻ കഴിയാതെ നിസ്സഹായനായി നിൽക്കുന്നതുകൊണ്ട് പ്രതിപക്ഷനേതാവ് എന്ന നിലയിൽ ഞാൻ എന്റെ അഭിപ്രായം പറയട്ടെ. മുഖ്യമന്ത്രിക്ക് നിസ്സഹായതയും ചില മന്ത്രിമാരെ നോക്കാൻ തന്നെ ഭയവും ആണ്. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. രാഘവൻ ഇങ്ങോട്ടു തന്നെ നോക്കിക്കൊണ്ടിരിക്കുകയാണ്. പക്ഷേ അങ്ങോട്ടു നോക്കാനുള്ള ധൈര്യമില്ല. മുൻമന്ത്രി ശ്രീ. ആർ ബാലകൃഷ്ണപിള്ളയും വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും നടപ്പിലാക്കിയത് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ശ്രീ. എം. വി. രാഘവൻ നടപ്പിലാക്കാതെയിരിക്കുമ്പോൾ നിങ്ങളുടെ ഭാഗത്തല്ലേ കുറ്റം? ആ കുറ്റത്തിന്റെ പേരിൽ പാവപ്പെട്ട വിദ്യാർത്ഥികളേയും യുവാക്കളേയും നിങ്ങൾ തല്ലി ചതച്ചില്ലേ? അതിൽ നിങ്ങൾക്ക് മനോവിഷമം ഉണ്ടോ ? നേരത്തേ ഞങ്ങളുടെ പാർട്ടി ആഫീസിന്റെ കാര്യം പറഞ്ഞതിനെത്തുടർന്ന് ഒരു പത്രം ഉയർത്തിക്കാണിച്ചു. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെയും ശ്രീ. എ.കെ. ആന്റണിയുടേയും ശ്രീ. മൻമോഹൻ സിംഗിന്റേയും എല്ലാം ഫോട്ടോ ദേശാഭിമാനിയിലും കൊടുക്കും. അതുപോലെ പരസ്യവും കൊടുക്കും. അതിലൊന്നും ഒരു കുറ്റബോധവും ഞങ്ങൾക്കില്ല. അത് രണ്ടും പത്രങ്ങൾ ചെയ്യുന്നതാണ്. അതൊക്കെ പൊക്കിക്കാണിച്ച് തടിതപ്പാൻ നോക്കണ്ട. ഇവിടെ ലാത്തിചാർജ്ജ് നടത്തിയതിനെക്കുറിച്ചും ഭീകരത സൃഷ്ടിച്ചതിനെക്കുറിച്ചും ന്യായീകരിക്കാൻ ഇത്രയും സമയം പറഞ്ഞു. ഇനിയും പറഞ്ഞോളൂ. ഇരുന്നുതരാം. പക്ഷേ ഞങ്ങൾക്ക് പറയാൻ ഒരു ചാൻസ് വേണ്ടേ?

മി. സ്പീക്കർ: ഇവിടെ വന്ന ചർച്ചയിൽ നിന്നും ഞാൻ ഒരു സംശയം ചോദിക്കുകയാണ്. ഐ.എച്ച്.ആർ.ഡി.യും കെ.എസ്.ആർ.ടി.സി.യുമൊക്കെ എഞ്ചിനീയറിംഗ് കോളേജുകളല്ലേ നടത്തുന്നത്? മെഡിക്കൽ കോളേജ് ആരെങ്കിലും നടത്തുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങയുടെ പാർട്ടിയുടെ അംഗങ്ങൾ സഹകരിച്ചാൽ പെട്ടെന്ന് അവസാനിപ്പിക്കാം. അങ്ങ് എന്റെ നിസ്സഹായത ഓർത്ത് ദുഃഖിക്കരുത്. അങ്ങയുടെ നിസ്സഹായത ഓർത്തുതന്നെ ദുഃഖിക്കാൻ സമയമില്ലാത്ത സമയത്ത് എന്നെ ഓർത്ത് ദുഃഖിക്കരുത്. കാരണം അങ്ങേക്ക് ഞാൻ കൂടി ഒരു ഭാരം ഉണ്ടാക്കി തരുന്നില്ല. അതുകൊണ്ട് അങ്ങ് എന്നെ ഓർത്ത് ദുഃഖിക്കരുത് എന്നുമാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ഇവിടെ ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., കണ്ടിന്യൂയിംഗ് എഡ്യൂക്കേഷണൽ സെന്റർ, കെ.എസ്.ആർ.ടി.സി. എഞ്ചിനീയറിംഗ് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിലെല്ലാം ബുദ്ധിമുട്ടിയാണെങ്കിലും ഗവണ്മെന്റ് ഫീസ് ഏർപ്പെടുത്താൻ തീരുമാനിച്ചു എന്നുപറഞ്ഞ സമയത്ത് അങ്ങ് നേതൃത്വം നൽകുന്ന പാർട്ടിയുടെ വിദ്യാർത്ഥി സംഘടനയിലുള്ളവർ വിദ്യാഭ്യാസമന്ത്രിയെ തടയാനാണ് ആ ചർച്ചാ സമ്മേളനത്തിൽ ശ്രമിച്ചത്, ചർച്ചയ്ക്കല്ല; ഇത് ഞങ്ങൾ അംഗീകരിക്കുന്നു. ഞങ്ങൾക്ക് ഇതുകൂടിയൊക്കെ വേണമെന്ന് പറഞ്ഞിരുന്നുവെങ്കിൽ അതിനെക്കുറിച്ച് ചർച്ച ചെയ്യാമായിരുന്നല്ലോ. അതിനുപകരം ഇത് പ്രഖ്യാപിച്ച ഉടനെ തന്നെ അവിടെ ബഹളമായി, അത് പിരിക്കാനാണ് ശ്രമിച്ചത്. അതുകൊണ്ടാണ് തുടർന്നുള്ള ചർച്ച നടക്കാതെ പോയത്. പ്രായോഗികമായിട്ടുള്ള ഏത് നിർദ്ദേശം മുന്നോട്ടുവച്ചാലും ഞങ്ങൾ അതിനെ മാനിക്കാം. പക്ഷേ അപ്രായോഗികമായ കാര്യങ്ങൾ പറഞ്ഞ് സ്വാശ്രയ കോളേജുകൾ നടത്തിക്കൊണ്ടുപോകാൻ പറ്റാത്ത വ്യവസ്ഥകൾ വന്നാൽ ബുദ്ധിമുട്ട് വരും. നമ്മൾ തമ്മിൽ ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. ഗവൺമെന്റിൽ ഇരിക്കുമ്പോൾ ചില പരിമിതികൾ ഉണ്ട്, അതുമാത്രമേയുള്ളൂ. ഇവിടെ പോലീസിന്റെ ബലപ്രയോഗത്തെക്കുറിച്ചൊക്കെ പറഞ്ഞു. ചില നടപടികൾ പോലീസിന് സ്വീകരിക്കേണ്ടതായി വന്നിട്ടുണ്ട്, അത് സന്തോഷത്തോടുകൂടി ചെയ്യുന്നതല്ല, ഇവിടെ കൗൺസലിംഗ് നടക്കണ്ടേ? കൗൺസലിംഗ് നടന്നില്ലായിരുന്നുവെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? ഞാൻ ഒരു കാര്യം ഓർമ്മിപ്പിക്കുകയാണ്, ശ്രീ. ടി. എം. ജേക്കബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് നടന്ന പ്രീ-ഡിഗ്രി ബോർഡ് സമരം അന്ന് പരീക്ഷാ കുഴപ്പമുണ്ടാക്കി, പരീക്ഷാ പേപ്പറുകൾ നഷ്ടപ്പെടുത്തി കാര്യങ്ങളൊക്കെ വന്നതിനുശേഷം ഗവൺമെന്റിനെയാണ് കുറ്റപ്പെടുത്താൻ ശ്രമിച്ചത്. ഗവൺമെന്റിനെയാണ് പ്രതിക്കൂട്ടിലേക്ക് മാറ്റാൻ ശ്രമിച്ചത്. അതുകൊണ്ട് ഇവിടെ കൗൺസലിംഗ് നടന്നില്ലായിരുന്നുവെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? ഇവിടെ വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ കുറ്റമറ്റ രീതിയിൽ കൗൺസലിംഗ് നടത്തി. സ്വകാര്യ മാനേജ്മെന്റ് നടത്തിയ എൻട്രൻസ് എക്സാമിനേഷന്റെ അടിസ്ഥാനത്തിലുള്ള കൗൺസലിംഗ് അല്ല നടന്നത്, ഇത് ഗവൺമെന്റ് നടത്തിയ എക്സാമിനേഷന്റെ അടിസ്ഥാനത്തിൽ നടത്തുന്ന കൗൺസലിംഗ് ആണ്. അത് നടത്താൻ ഗവൺമെന്റ് ബാധ്യസ്ഥമല്ലേ? നിങ്ങൾ സ്വയം ഒന്ന് ആലോചിക്ക്, ഒന്ന് ചിന്തിക്ക്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടത്തെ പ്രശ്നം; ഒരു പ്രകടനംപോലും നടത്താൻ അവകാശമില്ലേ എന്നുള്ളതാണ്. പ്രകടനം നടത്താൻ പോകുന്നവരെയാണ് ലാത്തിച്ചാർജ് ചെയ്യുന്നത്. അതിനാണ് ഇവിടത്തെ ഗവൺമെന്റ് ഉത്തരം പറയേണ്ടത്.

(..... ബഹളം .....)

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. കോടിയേരീ, ഈ നാട്ടിൽ നടന്ന സംഭവങ്ങളൊക്കെ എല്ലാവർക്കും അറിഞ്ഞുകൂടേ? പിന്നെ അങ്ങ് തന്നെ ഇതിന് മറുപടിയും പറഞ്ഞു. ഞാൻ പറയേണ്ട ഉത്തരം അങ്ങ് തന്നെ പറയുകയും ചെയ്തു. എൻട്രൻസ് നടത്താതിരിക്കാൻ പറ്റുമോ? കൗൺസലിംഗിനു വരുന്ന കുട്ടികളേയും രക്ഷിതാക്കളേയും അകത്ത് കടത്തിവിടാതിരിക്കാൻ പറ്റുമോ? ഫിസിക്കലായി ഞങ്ങൾ ഇതിനെ നേരിടും എന്ന് പറഞ്ഞ് നിൽക്കുകയാണ് .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചു, ഇങ്ങനെ ഒരു യോഗം വിളിച്ചുകഴിഞ്ഞതിനുശേഷം എൻട്രൻസ് നടത്തിയാൽ പോരായിരുന്നോ? ഈ യുദ്ധത്തിന് എന്തിനാണ് ഗവൺമെന്റ് തയ്യാറായത്?

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ അങ്ങനെ ഒരിക്കലും കുറ്റപ്പെടുത്തുന്നില്ല, മറ്റ് സംസ്ഥാനങ്ങളിലെ സ്വാശ്രയ കോളേജുകളിലെ പലരും ഇവിടത്തെ മുന്തിയ ഹോട്ടലുകളിൽ വന്ന് താമസിക്കുന്നുണ്ട്, ചിലർ തിരുവനന്തപുരത്ത് ഓഫീസ് തുടങ്ങിയിട്ടുണ്ട്. അവർ ചോദിക്കുന്ന ചോദ്യമാണിത്. അതും അങ്ങയുടെ ചോദ്യവുമായി ഒരിക്കലും ബന്ധമുണ്ടെന്ന് ഞാൻ പറയില്ല. പക്ഷെ കൗൺസലിംഗ് ഒരു ദിവസം വൈകിയാൽ ഇവിടെ ഈ വർഷത്തെ കൗൺസലിംഗ് ശരിയായ രീതിയിൽ നടക്കില്ല എന്ന് എന്തെങ്കിലും ഒരു സംശയം വന്നാൽ അതിന്റെ പ്രയോജനം മറ്റു പലർക്കും ആയിരിക്കും. എന്ത് വിലകൊടുത്താലും അങ്ങനെ ഒരു സാഹചര്യം ഉണ്ടാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എ.കെ.ജി. സെന്ററിൽ ഇന്നലെ പോലീസ് കയറിയത് അവിടെ വല്ല കൗൺസലിംഗും തടയാൻ വേണ്ടിയിട്ടായിരുന്നോ?

(..... ബഹളം .....)

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ അതിലേക്ക് വരികയാണ്, കൗൺസലിംഗ് നടത്താൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്, ഗവൺമെന്റിന് മറ്റൊരു പോംവഴിയുമില്ല. അതുമാത്രമല്ല പ്രശ്നം, കോടതിയുടെ ഉത്തരവാദിത്വം അങ്ങ് പറഞ്ഞു, അതുകൊണ്ട് ഞാൻ പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇത് നടത്താൻ ഗവൺമെന്റിന് ബാദ്ധ്യതയില്ലേ? നിങ്ങളാണെങ്കിലും ഇത് നടത്തിയല്ലേ പറ്റൂ. അങ്ങനെ വന്ന സമയത്ത് ഞങ്ങൾ വളരെയധികം മുൻകരുതൽ എടുത്തു, പ്രശ്നങ്ങൾ ഒഴിവാക്കാൻ ശ്രമിച്ചു. ഇവിടെ എൽ.എം.എസ്. കോംപൗണ്ടിലാണ് ആദ്യം കൗൺസലിംഗ് വച്ചത്, എൽ.എം.എസ്. കോംപൗണ്ടിൽ വന്നാൽ കൗൺസലിംഗിനു വരുന്നവർക്ക് ബുദ്ധിമുട്ടാകും, സമരക്കാർക്കും ബുദ്ധിമുട്ടാകും എന്നതുകൊണ്ട് ഞങ്ങൾ എല്ലാ സൗകര്യങ്ങളും നോക്കി കൗൺസലിംഗ് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലേക്ക് മാറ്റി. ഈ രാജ്യത്ത് പ്രതിഷേധിക്കാൻ ആർക്കും അവകാശമുണ്ട്; സ്വാതന്ത്ര്യമുണ്ട്. അത് ഒരിക്കലും തടയില്ല. അതുകൊണ്ട് എല്ലാവിധത്തിലുള്ള സൗകര്യങ്ങളും ചെയ്തു. നിരോധനാജ്ഞ ഉള്ളസ്ഥലത്തിന് പുറത്തുവച്ച് തടഞ്ഞ സമയത്ത് വളരെയധികം അക്രമപ്രവർത്തനങ്ങൾ ഉണ്ടായി. ഈ കണക്ക് തെറ്റാണെങ്കിൽ ശ്രീ. കോടിയേരി പറഞ്ഞോളൂ, ഞാൻ എവിടെ വേണമെങ്കിലും വന്ന് മാപ്പ് പറയാം. രണ്ട് ഡിവൈ.എസ്.പി. മാരും, നാല് സി.ഐ. മാരും ആറ് ഓഫീസർമാരുമടക്കം 141 പോലീസുകാർക്കാണ് പരിക്ക് പറ്റിയത്. 86 സമരക്കാർക്കും പരിക്കുണ്ട്. പോലീസിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ള കണക്കാണ് 86 എന്നുള്ളത്. ഇനി പരിക്കുപറ്റിയ ആരെങ്കിലും പുറത്തുപറയാതെ; പുറത്ത് ആളറിയരുത് എന്നുവിചാരിച്ചുകൊണ്ട്, ജഡ്ജി പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല എന്നുപറഞ്ഞതുപോലെ-ആശുപത്രിയിൽ പോയിട്ടുണ്ടെങ്കിൽ അവർ ഈ കണക്കിൽ വന്നിട്ടില്ല.

ശ്രീ. മത്തായി ചാക്കോ: കോഴിക്കോട് ജില്ലയിൽ 57 പേരുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: 279 പേർ റിമാന്റ് ചെയ്ത് ജയിലിൽ ഉണ്ട്; അത് ഞാൻ പറഞ്ഞു. ഇതൊന്നും സന്തോഷത്തോടെ ചെയ്യുന്നതല്ല, ഗവൺമെന്റിന് ഇതല്ലാതെ വേറെ മാർഗ്ഗമില്ല. കൗൺസലിംഗ് നടത്തിയേ മതിയാകൂ, അങ്ങനെ ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. ഇന്നലെ നമ്മളെല്ലാം സ്നേഹിക്കുന്ന ടി. കെ. ബാലന്റെ അനുസ്മരണം ഇവിടെ നടക്കുന്ന സമയത്താണ് നിയമസഭയിലേക്ക് മാർച്ച്. ഇന്നുവരെ കേരളത്തിന്റെ ചരിത്രത്തിൽ സഭയിലെ ഒരംഗത്തിന്റെ മരണത്തിൽ അനുശോചനം നടത്തുന്ന അവസരത്തിൽ സഭയിലേക്ക് മാർച്ച് നടത്തിയിട്ടില്ല. വ്യത്യസ്ത പാർട്ടിയാണെങ്കിൽപോലും ചെയ്യുന്നതല്ല. അങ്ങനെ ഒരു സാഹചര്യത്തിലായിരുന്നു മാർച്ച്.

ടിയർഗ്യാസ് പൊട്ടിച്ചതിനെക്കുറിച്ച് പറഞ്ഞല്ലോ, എന്തുകൊണ്ടാണ് പൊട്ടിക്കേണ്ടിവന്നത്? എം. എൽ. എ. ഹോസ്റ്റലിന് അടുത്ത് ബാരിക്കേഡ് വച്ചിരുന്നു. ആ ബാരിക്കേഡ് പൊളിച്ച് പാലത്തിലൂടെ ഓടി അസംബ്ലിയുടെ മുന്നിലേക്കുവരുന്ന അവസരത്തിൽ പോലീസ് കയ്യും കെട്ടി നിന്ന് അവരെ ഇതിനകത്ത് കയറാൻ അനുവദിക്കണമെന്നാണോ അങ്ങ് പറയുന്നത്? അത് സാധിക്കുമോ? പോലീസിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ബാരിക്കേഡ് പൊളിച്ച് അതിൽ നിന്ന് ചാടിയോടി വരുന്ന അവസരത്തിലാണ് പോലീസിന് അത് ചെയ്യേണ്ടിവന്നത്. .....(ബഹളം)..... എ. കെ. ജി. സെന്ററിലെ കാര്യം പറഞ്ഞു, ഒരിക്കലും ഒരു പാർട്ടിയുടെ ഓഫീസിൽ പോലീസ് കയറുന്നതോ ഇതുപോലുള്ള ഒരു സംഭവം, അതായത് ഗ്രനേഡ് എറിയുന്നതോ ഒന്നും ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എ. കെ. ജി. സെന്ററിലേക്ക് കണ്ണീർ വാതക ഷെൽ പൊട്ടിച്ചിട്ടില്ല. .....(ബഹളം)..... ഞാൻ പറയട്ടെ, എ. കെ. ജി. സെന്ററിന്റെ മുന്നിൽവച്ച് ഒരു പോലീസിന്റെ ബൈക്ക് കത്തിച്ചു. കല്ല് എറിഞ്ഞു, ഒരു യാത്രക്കാരൻ ഓടിവന്ന് പോലീസിനോട് പറഞ്ഞതനുസരിച്ച്, കൺട്രോൾ റൂമിൽ അറിയിച്ചിട്ട്, കൺട്രോൾ റൂമിൽ നിന്ന് കുറേ പോലീസുകാർ അവിടെ ചെന്നപ്പോൾ അവരെ തുടർച്ചയായി എറിഞ്ഞ് പിന്നെ ആക്രമിച്ചു. അവർക്ക് അവിടെ നിൽക്കാൻ പറ്റാതെ അവർ പുറകോട്ട് മാറി. എ. കെ. ജി. സെന്ററാണ്, അങ്ങോട്ട് കയറാൻ പറ്റുമോ? കേറിയാൽ ഗവൺമെന്റ് പോലും അവരോട് ചോദിച്ചേക്കും. അതുവച്ചുകൊണ്ട് അവർ പേടിച്ചു പുറകോട്ടു മാറി. എ. കെ. ജി. സെന്ററിൽ അവർക്ക് കയറാൻ സ്വാതന്ത്ര്യമില്ല എന്ന് ബോധ്യപ്പെട്ട അവർ സെന്റ് ജോസഫ് സ്കൂളിന്റെ ആ റോഡിലോട്ട് പുറകോട്ടു മാറി. അങ്ങനെ പുറകോട്ട് മാറിയ പോലീസിനെ കല്ല് എറിഞ്ഞുകൊണ്ട് മുന്നോട്ടുചെന്നപ്പോൾ അവർ അവിടെ നിന്നുകൊണ്ട് കണ്ണീർവാതക ഷെൽ പൊട്ടിച്ചു. ..... (ബഹളം) ..... അല്ല, അല്ല, സെന്റ് ജോസഫ് സ്കൂളിന്റെ അടുത്തെന്ന് പറഞ്ഞില്ല, ആ റോഡിലൂടെ അവർ പുറകോട്ടു മാറി, മാറിയ സമയത്ത് ഇവർ വീണ്ടും എറിഞ്ഞപ്പോൾ അവർ അവിടെനിന്നുകൊണ്ട് തിരിച്ച് കണ്ണീർ വാതകഷെൽ ഉപയോഗിച്ചു. അത് എ. കെ. ജി. സെന്ററിന്റെ കോമ്പൗണ്ടിനകത്ത് വീണിട്ടുണ്ട്. സെന്ററിന്റെ മുൻപിൽ നിന്നുകൊണ്ട് അടിച്ചാൽ, എ.കെ.ജി. സെന്ററിന് എതിരെ ഇത് ഉപയോഗിച്ചാൽ, ഈ ഷെല്ലുകൾ കിടക്കേണ്ടത് ആ ഓഫീസിനകത്താണ്. ഇത് വീണ് കോമ്പൗണ്ടിൽ കിടന്ന വണ്ടികൾക്ക് ചെറിയ നാശനഷ്ടങ്ങൾ ഉണ്ടായി. ഞാൻ സമ്മതിക്കുന്നു. അതൊന്നും സന്തോഷത്തോടെ ചെയ്യുന്നതല്ല. പോലീസിന്റെ ബൈക്ക് അതിന്റെ ഗ്രൗണ്ടിലിട്ട് കത്തിക്കുന്നു. അത് അറിഞ്ഞുകൊണ്ടുവരുന്ന പോലീസിനെ കല്ലെറിയുന്നു. അവർക്ക് പരിക്ക് പറ്റുന്നു. അവർ പുറകോട്ട് മാറിയിട്ടുപോലും, അവരുടെ പുറകേ ഓടിച്ചെന്നുകഴിഞ്ഞാൽ പിന്നെ എന്താണ് ചെയ്യേണ്ടത്? .....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ പറഞ്ഞതിൽ മുഖ്യമന്ത്രിക്ക് കിട്ടിയ റിപ്പോർട്ട് ശരിയല്ല. സെന്റ് ജോസഫ് സ്കൂളിന്റെ മുന്നിൽ നിന്ന് എറിഞ്ഞാൽ എ. കെ. ജി. സെന്ററിൽ എത്തുകയില്ല. അങ്ങേയറ്റത്തെ കളവാണ് പറയുന്നത്, അതുകൊണ്ട് അങ്ങേക്ക് കിട്ടിയ റിപ്പോർട്ട് വെരിഫൈ ചെയ്യണം. സെന്റ് ജോസഫ് സ്കൂളിന്റെ മുന്നിൽ നിന്ന് എറിഞ്ഞാൽ എ. കെ. ജി. സെന്ററിൽ എത്തുന്ന പ്രശ്നമേയില്ല. അത് ഒറ്റ ടി. വി. ചാനലിലും കാണിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: മി. കോടിയേരി, ഞാൻ വീണ്ടും എല്ലാപേരും കേൾക്കാൻ പറയുന്നു; ഞാൻ സെന്റ് ജോസഫ് സ്കൂളിന്റെ മുൻപിൽ നിന്ന് ഷെൽ പൊട്ടിച്ചു എന്ന് പറഞ്ഞിട്ടില്ല. ഞാൻ ആ റോഡിന്റെ പേരാണ് പറഞ്ഞത്. എന്നാൽപ്പിന്നെ സെന്റ് ജോസഫ് സ്കൂൾ എന്നുള്ളത് മാറ്റിയിട്ട് പാറ്റൂരിലേക്ക് പോകുന്ന റോഡിൽ അവർ പുറകോട്ട് മാറിയ അവസരത്തിൽ വീണ്ടും എറിഞ്ഞപ്പോൾ ആ റോഡിന്റെ ഒരു ഭാഗത്തുനിന്നുകൊണ്ട് ഷെൽ പൊട്ടിച്ചു. ആ ഷെല്ലിന്റെ ചില്ലുകൾ നിങ്ങളുടെ കോമ്പൗണ്ടിനകത്ത് വീണ് ഇത് സംഭവിച്ചു; ഇതാണ് സാഹചര്യം. അല്ലാതെ എ. കെ. ജി. സെന്ററിലേക്ക് പൊട്ടിച്ചതല്ല; അതിനകത്ത് കയറിയിട്ടില്ല. പോലീസിന് അങ്ങനെ ഒരു ഉദ്ദേശ്യവും ഉണ്ടായിരുന്നില്ല. വാഹനം കത്തിച്ച സംഭവം ഉണ്ടായിട്ടുപോലും പോലീസ് അവിടെ നിന്ന് പുറകോട്ട് മാറുന്ന സംഗതിയാണ്. ഞാൻ അധിക സമയം എടുക്കുന്നില്ല. ഇവിടെ ക്രമസമാധാനം പാലിക്കാൻ എല്ലാപേരുടേയും സഹായം അഭ്യർത്ഥിക്കാൻ ഈ സമയം വിനിയോഗിക്കുകയാണ്. നിയമവാഴ്ച ഉറപ്പുവരുത്തുകയെന്നുള്ളത് ഗവൺമെന്റിന്റെ ഉത്തമവാദിത്വമാണ്. നിയമം കയ്യിലെടുക്കാൻ ആരെയും അനുവദിക്കാൻ നീതിബോധമുള്ള ഒരു ഗവൺമെന്റിനും സാധ്യമല്ല. ആ ഉത്തമവാദിത്വം മാത്രമാണ് ഇന്ന് ഗവൺമെന്റ് നിറവേറ്റുന്നത്. കേരളത്തിൽ ആരെയെങ്കിലും മർദ്ദിച്ച് ഒതുക്കാൻ പറ്റുമോ? ആർക്കാണ് ഇത് അറിയാൻ പാടില്ലാത്തത്? അതുകൊണ്ട് നിയമവാഴ്ച ഉറപ്പുവരുത്താൻ മിതമായ തോതിൽ അതിന് വേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു കാര്യം ഞാൻ ഇവിടെ പറയുകയാണ്. ഈ മൂന്ന് ദിവസം ഇവിടെ നടന്ന കൗൺസലിംഗ് പ്രത്യേകിച്ച് ഇന്നലെ തിരുവനന്തപുരത്ത് നിങ്ങളുടെ പാർട്ടിയിൽ നിന്ന് കൊടുത്ത സർക്കുലർ എന്താണെന്ന് അറിയാമോ? തിങ്കളാഴ്ചത്തെ സമരത്തിൽ എല്ലാ സ്ഥലത്തുനിന്നും ചുണക്കുട്ടികളെ പറഞ്ഞുവിടണം, ചുണക്കുട്ടികൾ .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങനെ ഒരു സർക്കുലറും ഞങ്ങളുടെ പാർട്ടി ഇറക്കിയിട്ടില്ല. ഒരുപക്ഷേ നിങ്ങളുടെ പാർട്ടി അങ്ങനെ ഇറക്കിയിട്ടുണ്ടാകും. ..... (ബഹളം) .....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങനെ ശ്രീ. കോടിയേരി അറിഞ്ഞിട്ടില്ലായെങ്കിൽ ശ്രീ. കോടിയേരി അറിയാത്ത നിങ്ങളുടെ പാർട്ടിയുടെ സർക്കുലറും എനിക്ക് കിട്ടുന്നുണ്ട് എന്ന് ധരിച്ചാൽ മതി. ..... (ബഹളം) .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ചുണക്കുട്ടികൾ എന്ന് പ്രത്യേകം എടുത്തു പറയേണ്ട കാര്യമില്ല. ചുണക്കുട്ടികൾ മാത്രമുള്ള ഒരു പാർട്ടിയാണ് സി.പി.ഐ.(എം). എന്ന് നിങ്ങൾ മനസ്സിലാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: ഒരൊറ്റ വിദ്യാർത്ഥിക്കും ഒരു രക്ഷകർത്താവിനും കൗൺസലിംഗിന് വരാൻ സാധിച്ചില്ല എന്നുള്ള പരാതി ഇന്നലെ വൈകിട്ട് വരെ കിട്ടിയിട്ടില്ല. കേരളാ പോലീസിനെ പ്രത്യേകമായി അനുമോദിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. എന്ത് വിലകൊടുത്തും കൗൺസലിംഗ് തടയുമെന്നുള്ള നിലപാട് എടുത്ത സാഹചര്യത്തിൽ ഒരു രക്ഷകർത്താവിനോ, ഒരു വിദ്യാർത്ഥിക്കോ പരാതി ഉണ്ടാകാത്ത വിധത്തിൽ പോലീസ് പെരുമാറി. ..... (ബഹളം)..... ഞാൻ അവസാനിപ്പിക്കുകയാണ്. അതുപോലെ അക്രമവും വഴിതടയലുമൊക്കെ മുൻപൊരിക്കൽ മാർക്സിസ്റ്റ് പാർട്ടി ഇവിടെ നടത്തി ..... (ബഹളം)..... ശ്രീ. എം. വി. രാഘവനെ പാർട്ടിയിൽ നിന്ന് പുറത്താക്കിയ സമയത്ത് ഈ നാട്ടിലൊക്കെ ഇതുപോലെ അക്രമങ്ങളായിരുന്നു. ഇവിടെയിപ്പോൾ നിങ്ങൾ നടത്തുന്ന സമരങ്ങളും അക്രമങ്ങളും കാണുമ്പോൾ നിങ്ങൾ ശ്രീ. എം. വി. രാഘവന് പുറകെ മറ്റാരെയോ ലക്ഷ്യമാക്കിക്കൊണ്ടാണ് ഇത് നടത്തുന്നത് എന്ന് ഞാൻ സംശയിക്കുകയാണ്. അതുകൊണ്ട് എനിക്കു പറയാനുള്ളത് ഈ അക്രമസമരം നിറുത്തണം, നമുക്ക് തമ്മിൽ അഭിപ്രായ വ്യത്യാസമില്ല. ഏതുകാര്യവും ഞങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാണ്. ഇക്കാര്യം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: Yes, Yes, Please ഞാൻ പറഞ്ഞുകൊള്ളട്ടെ, ചെയറിന് ഇതിനെപ്പറ്റിയുള്ള ഒരു നിർദ്ദേശം പറയാം. അക്രമാസക്തമായ ഈ സമരവും അമിതമായ പോലീസ് അതിക്രമവും രണ്ടും ഒരുപോലെ അപലപിക്കേണ്ടതാണ്. വിദ്യാർത്ഥികളോ യുവജനങ്ങളോ കുഴപ്പങ്ങളുണ്ടാക്കി മൂന്ന് നാല് ദിവസം ഇവിടെ നടന്ന സംഭവവികാസങ്ങൾ വളരെ ദൗർഭാഗ്യകരമാണ്. പിന്നെ അക്രമാസക്തമായ സമരം, സമരങ്ങൾ ഉണ്ടായാൽ നിയമസമാധാനം പാലിക്കേണ്ട പൂർണമായ ഉത്തരവാദിത്വം സർക്കാരിനുണ്ട്; ഭരണകൂടത്തിനുണ്ട്. അതുകൊണ്ട് എനിക്ക് പറയാനുള്ള ഒരു കാര്യം യുവജനങ്ങളോ വിദ്യാർത്ഥികളോ കാണിക്കുന്ന അപക്വമായ, ആശാവഹമായ പരിപാടികളിൽ നിന്നുമാറി മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ പക്വതയോടെ വളരെ ശാന്തമായി ഇതിനൊരു പരിഹാരം കാണണമെന്നാണ് എല്ലാ രാഷ്ട്രീയ പാർട്ടികളോടും ജനപ്രതിനിധികളോടും എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ധാരാളം കാര്യങ്ങൾ പറഞ്ഞതുകൊണ്ടും മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്യുതാനന്ദൻ)*: സ്പീക്കർ സർ, മുഖ്യമന്ത്രി ഇവിടെ മറുപടി പറഞ്ഞ കൂട്ടത്തിൽ സാമ്രാജ്യ കോളേജുകളിലെ പോലീസിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് നമ്മൾ തമ്മിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല, ഗവൺമെന്റും പ്രതിപക്ഷവും തമ്മിൽ ഇക്കാര്യത്തിൽ ഒരുപോലെ പോവുകയാണ് എന്ന് പറയുകയുണ്ടായി. ഇത് ശുദ്ധ അസംബന്ധമാണ്. സ്വാശ്രയ മാനേജുമെന്റിനെ രക്ഷിക്കുകയും നഗ്നമായി അവർക്ക് കീഴടങ്ങുകയും ചെയ്യുന്ന ഒരു ഗവൺമെന്റാണിത്. അവരെ ശക്തമായി എതിർക്കുന്ന വിദ്യാർത്ഥി യുവജന വിഭാഗവും പ്രതിപക്ഷവും ആണ് ഇവിടെയുള്ളത്. ഗവൺമെന്റും പ്രതിപക്ഷവും ഇവിടെ രണ്ടിടത്താണ് നിൽക്കുന്നത്. ഇത്ര നാണംകെട്ട ഒരു സമീപനം ഈ ഗവൺമെന്റിനല്ലാതെ ആർക്കാണ് സ്വീകരിക്കാൻ കഴിയുക? സ്വാശ്രയ കോളേജുകൾ ആദ്യം അനുവദിക്കുമ്പോൾ തന്നെ ഈ ഗവൺമെന്റ് രക്ഷകർത്താക്കളോട് പറഞ്ഞിരുന്നത് എന്താണെന്ന് അങ്ങ് ഓർക്കുന്നുണ്ടോ? നിങ്ങൾ ഇനി തമിഴ്നാട്ടിലും കർണ്ണാടകയിലും ആന്ധ്രാപ്രദേശിലും ഒന്നും കുട്ടികളേയും കൊണ്ടുപോയി വിഷമിക്കേണ്ടതില്ല, ഇവിടെത്തന്നെ നിൽക്കൂ. ഞങ്ങൾ ഇവിടെ അതിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുവച്ചിരിക്കുകയാണ് എന്നാണ്. രണ്ട് സ്വാശ്രയ കോളേജുകൾ സമം ഒരു ഗവൺമെന്റ് കോളേജ്. മെറിറ്റിൽ അഡ്മിഷൻ കിട്ടുന്ന കുട്ടികൾക്ക് സർക്കാർ ഫീസ് കൊടുത്താൽ മതിയാകുമെന്നുള്ള സൗകര്യമാണ് ഞങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് നിങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ പോകേണ്ടതില്ല. നിങ്ങൾക്ക് എല്ലാ സൗകര്യങ്ങളും ഞങ്ങൾ ഇവിടെ ചെയ്യുന്നതാണെന്ന് പറഞ്ഞ അതേ മുഖ്യമന്ത്രി തന്നെ ഒരു ലക്കും ലഗാനുമില്ലാതെ സ്വാശ്രയ കോളേജുകൾ അനുവദിച്ചു. ഗവൺമെന്റിന്റെ ഈ വാഗ്ദാനം പാലിക്കത്തക്കവിധത്തിൽ കുട്ടികളെ അഡ്മിറ്റ് ചെയ്യുമ്പോൾ ഇത് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് അവർക്ക് കോളേജ് അനുവദിക്കാൻ ഗവൺമെന്റ് തയ്യാറായില്ല എന്നുമാത്രമല്ല, കോളേജുകളിൽ അഡ്മിഷൻ തുടങ്ങിയപ്പോൾ ഗവൺമെന്റ് എന്തുചെയ്തു? എൻജിനീയറിംഗ് കോളേജിലെ സ്റ്റുഡൻസിന്റെ അഡ്മിഷന് 36,000 രൂപ വാങ്ങിക്കൊളൂ എന്നുപറഞ്ഞു. എത്ര യാണ്? 17 ഇരട്ടി. 12 ഇരട്ടി വാങ്ങാൻ മാനേജുമെന്റിന് അനുവാദം നൽകുകയാണ് ചെയ്തത്. അതുപോലെതന്നെ ഇരട്ടി തുക മെഡിക്കൽ കോളേജിലും വാങ്ങാൻ സ്വാശ്രയ മാനേജുമെന്റിന് നിങ്ങൾ അനുവാദം നൽകി. അപ്പോഴാണ് നിങ്ങളുടെ വാഗ്ദാന ലംഘനത്തിനും ചതിക്കും നെറിവുകേടിനും എതിരായി കേരളത്തിലെ വിദ്യാർത്ഥികൾക്കും യുവാക്കൾക്കും പോരാടേണ്ടി വന്നത്. ആ പോരാട്ടത്തിന്റെ ഒരു ഘട്ടത്തിൽ ഗവൺമെന്റ് സമ്മതിച്ചു, ബഹുമാനപ്പെട്ട സുപ്രീ സമ്മതിച്ചു, ഗവൺമെന്റ് പ്രഖ്യാപിച്ചതുപോലുള്ള ഫീസ് തന്നെ ഞങ്ങൾ നടപ്പിലാക്കാമെന്ന്. അങ്ങനെ വിദ്യാർത്ഥികൾ സമരം പിൻവലിച്ചു. ഒത്തുതീർപ്പ് അനുസരിച്ച് അതെങ്കിലും നടപ്പിലാക്കാൻ നിങ്ങൾ തയ്യാറായോ? തയ്യാറായില്ല. നിരന്തരമായി എൻജിനീയറിംഗ് കോളേജുകളും, മെഡിക്കൽ കോളേജുകളും നടത്തുന്ന സ്വാശ്രയ മാനേജുമെന്റുകൾ കാണിക്കുന്ന ധിക്കാരത്തിന് വഴങ്ങുക എന്നുള്ളതല്ലാതെ അവരുടെ ചെവിക്ക് പിടിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ തയ്യാറായിട്ടുണ്ടോ? അതാണ് ചോദ്യം. ചോദ്യം ചെയ്ത വിദ്യാർത്ഥികളെ പട്ടിയെ തല്ലുന്നതുപോലെ തല്ലിച്ചതയ്ക്കുകയല്ലേ നിങ്ങൾ ചെയ്തിട്ടുള്ളത്? അത് തെറ്റാണെന്നുള്ള ബോധം നിങ്ങൾക്കുണ്ടോ? നിങ്ങൾ ഈ നിയമത്തെപ്പറ്റിയെല്ലാം പറഞ്ഞു. ഇതെല്ലാം വന്നത് എങ്ങനെയാണ്? ഈ നിയമം കൊണ്ടുവരാൻ നിങ്ങൾ നിർബന്ധിതരായത് എങ്ങനെയാണ്? വിദ്യാർത്ഥികളും യുവാക്കളും പ്രതിപക്ഷവും നടത്തിയ ശക്തമായ സമരത്തിന്റെയും നിങ്ങളുടെ ചവിട്ടും തൊഴിയും അടിയുമെല്ലാം അനുഭവിച്ചുകൊണ്ട് നടത്തിയ പോരാട്ടത്തിന്റെയും ഫലമായിട്ടല്ലേ നിങ്ങൾ നിയമം കൊണ്ടുവരാൻ നിർബന്ധിതരായത്. ആ നിയമം തന്നെ സത്യസന്ധമായ നിലയിൽ ഭരണഘടനയുടെ ഒൻപതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തത്തക്ക വിധത്തിലുള്ള നടപടി സ്വീകരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. നിങ്ങൾ പറഞ്ഞു, അതിന് ശ്രമിച്ചു, ഞങ്ങളെ വിളിച്ചു എന്ന്. എന്തിനാണ് വസ്തുതയ്ക്ക് വിരുദ്ധമായ കാര്യങ്ങൾ സഭയിൽ പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങനെ പറയരുത്. അത് തെറ്റായ സമീപനമാണ്. നാണംകെട്ട സമീപനമാണ്. നിങ്ങൾ അങ്ങനെയൊരു ശ്രമവും നടത്തിയിട്ടില്ല. ഭരണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽപ്പെടുത്തുക എന്നുള്ളത് ഞങ്ങൾ നിങ്ങളുടെ മുൻപിൽ വച്ച നിർദ്ദേശമായിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങ് ഇപ്പോഴെങ്കിലും യോജിക്കാൻ തയ്യാറാണോ? എന്നാൽ നമുക്ക് ഇവിടെ വച്ച് തന്നെ അതിനുവേണ്ടി ശ്രമിക്കാം. ഞങ്ങൾ അന്ന് പറഞ്ഞപ്പോൾ നിങ്ങൾ പറഞ്ഞത്, ഇതിനകത്ത് ഒരു മാറ്റം വരുത്തണം, ഇതിനകത്ത് മാനേജുമെന്റിന് കൂടി നിയന്ത്രണം വേണം എന്നാണ്. മാനേജുമെന്റിന് കൂടി നിയന്ത്രണമെന്ന് പറഞ്ഞാൽ സ്വാശ്രയ കോളേജ് തന്നെ. നിയന്ത്രണം വിട്ടുപോകുമെന്നുള്ളതല്ല. പക്ഷേ സ്വാശ്രയ കോളേജ് നടത്തുന്നതിനാവശ്യമായ റിസോഴ്സസ് അവിടെത്തന്നെ ഉണ്ടാകത്തക്കവിധത്തിലുള്ള ഒരു സ്വാതന്ത്ര്യം അവർക്കുണ്ടെങ്കിലേ നടക്കുകയുള്ളൂ. അതുകൊണ്ട് ഇപ്പോൾ സമ്മതിക്കുന്നുവെങ്കിൽ നമുക്ക് ഒൻപതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള ശ്രമവുമായി ഒന്നിച്ച് മുന്നോട്ട് പോകാം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഞങ്ങൾ നിങ്ങളുമായി പരസ്പരധാരണയോടുകൂടി ചർച്ച ചെയ്യണം. വിദ്യാർത്ഥികളുടെ പ്രശ്നവും സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രശ്നവും എല്ലാം തന്നെ ചർച്ച ചെയ്യണം. ഞങ്ങൾ ഈ ഗവൺമെന്റിനെ മാറ്റാൻ അന്തിമ സമരത്തിലാണ് ഏർപ്പെട്ടിരിക്കുന്നത് എന്ന് നിങ്ങൾ തെറ്റിദ്ധരിക്കണ്ട. വിദ്യാർത്ഥികളുടേയും തൊഴിലാളികളുടേയും കൃഷിക്കാരുടേയും എല്ലാ പ്രശ്നങ്ങൾ എടുത്തുകൊണ്ടാണ് ഞങ്ങൾ സമരം ചെയ്യുന്നത്. നിങ്ങൾക്ക് അറിയില്ലേ? കഴിഞ്ഞതവണ സഭനടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ നെല്ല് സംഭരണത്തിന് വേണ്ടി ഞങ്ങൾ നടത്തിയ സമരത്തിൽ രണ്ട് ദിവസം കഴിഞ്ഞപ്പോൾ ഒത്തുതീർപ്പുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിച്ച നാല് പ്രശ്നങ്ങളും നിങ്ങൾ സമ്മതിച്ചു. ഞങ്ങൾക്ക് എഴുതിത്തന്നു. ഒരെണ്ണമെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ? ഒന്നും നടപ്പിലാക്കിയിട്ടില്ല. ഞങ്ങൾ കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് സമരം നടത്താറുണ്ട്, തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് സമരം നടത്താറുണ്ട്, വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് സമരം നടത്താറുണ്ട്. അതുപോലെ യുവജനങ്ങളുടേയും മറ്റാളുകളുടേയും പ്രശ്നങ്ങൾക്ക് വേണ്ടി ഞങ്ങൾ സമരം നടത്തുന്നുണ്ട്. ആ പ്രശ്നത്തെ സംബന്ധിച്ച് ഗവൺമെന്റിന്റെ അവഗണന, തെറ്റായ സമീപനം എന്നിവ തിരുത്തി പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് എന്തെങ്കിലും ആശ്വാസം നേടിക്കൊടുക്കുന്നതിന് വേണ്ടിയാണ് ഞങ്ങൾ സമരം നടത്തുന്നത്. അതിനുള്ള കൂടിയാലോചനയിലെല്ലാം ഞങ്ങൾ സഹകരിച്ച് ചർച്ച ചെയ്ത് പരമാവധി ഒത്തുതീർപ്പുണ്ടാക്കി ആ ജനവിഭാഗങ്ങൾക്ക് ആശ്വാസം നൽകുന്നതിന് വേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. ഈ ഗവൺമെന്റിനെ ഇറക്കിയേ ഒക്കൂ എന്ന തരത്തിലുള്ള ഒരു സമരത്തിനും ഞങ്ങളില്ല. ഞങ്ങൾ അങ്ങനെ പ്രഖ്യാപിച്ചിട്ടില്ല. 500-ൽപ്പരം വിദ്യാർത്ഥികളെ, വിശേഷിച്ച് വിദ്യാർത്ഥിനികളെ എസ്.എഫ്.ഐ.യുടേയും മറ്റ് സംഘടനകളുടേയും എല്ലാം തന്നെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നല്ല ചുറുചുറുക്കുള്ള കുട്ടികളെ നിങ്ങളുടെ പുരുഷ പോലീസുകാർ ചവിട്ടുകയും തൊഴിക്കുകയും ഇടിക്കുകയും ചെയ്തതിന്റെ ഫലമായി അവർ ആശുപത്രിയിലാണ്. അതിൽ നിങ്ങൾ എടുത്തിരിക്കുന്ന കേസിന്റെ സ്വഭാവമെന്താണ്? കൊലക്കേസിൽ പ്രതികളാകത്തക്ക തരത്തിലുള്ള കേസാണ് വിദ്യാർത്ഥിനികളുടെ നേരെ എടുത്തിട്ടുള്ളത്. വധോദ്യമത്തിനാണ് കേസ് എടുത്തിരിക്കുന്നത്. അവരെ വധിക്കാൻ ശ്രമിച്ച പോലീസ് അവരുടെ പേരിൽ വധോദ്യമത്തിന് കേസെടുത്തിരിക്കുന്നു. ഇതിൽ ഏതെങ്കിലും പോലീസുകാരൻ എന്തെങ്കിലും പിശക് ചെയ്തതായി കേസുണ്ടോ? എഫ്.ഐ.ആർ. ഉണ്ടോ? ഒന്നുമില്ല. പോലീസിനെ ഇവിടെ വല്ലാതെ വാനോളം പുകഴ്ത്തിക്കൊണ്ട് അഭിനന്ദിച്ചു. ഈ കൊച്ചുകുഞ്ഞുങ്ങളെക്കുറിച്ച് മക്കളുള്ള പിതാക്കൻമാർക്ക് ഇങ്ങനെ സംസാരിക്കാൻ എങ്ങനെ കഴിയുന്നു എന്ന് എനിക്കറിയില്ല. അല്പാത്ത ആളുകൾ പറഞ്ഞാൽ വിഷമമില്ല. മക്കളുള്ള മാതാപിതാക്കൾ ഇതുപോലെ സംസാരിക്കരുത്. അവരെയെല്ലാം തന്നെ ഇത്തരത്തിൽ ഹീനമായ വിധത്തിൽ ആക്രമിച്ച് തല്ലി എല്ലൊടിച്ച് ആശുപത്രിയിലാക്കിയ പോലീസിനെ ബഹുമാനപ്പെട്ട സ്നേഹിതൻ, മുഖ്യമന്ത്രി വാനോളം പുകഴ്ത്തിയതും അഭിനന്ദിച്ചതും എ.കെ.ജി. സെന്ററിൽ കാർ കത്തിച്ചതും അതുപോലെ ഗ്രനേഡ് എറിഞ്ഞതുമെല്ലാം തന്നെ അഭിനന്ദിച്ചതിൽപ്പെടില്ലേ? വെറുതെ ഈ തരത്തിലുള്ള മടയത്തരങ്ങൾ പറഞ്ഞ് യോഗ്യനാകാൻ ശ്രമിക്കരുത്. കൂട്ടിക്കാട്ടിയ തെറ്റുകൾ കുറ്റബോധത്തോടുകൂടി, പശ്ചാത്താപബോധത്തോടുകൂടി ഇന്ന് അംഗീകരിക്കുന്നുവെങ്കിൽ നമുക്ക് ഈ പ്രശ്നങ്ങളെല്ലാം വളരെ വേഗത്തിൽ തീർക്കാം. അതിന് ഞങ്ങൾ പൂർണ്ണമായും അനുകൂലമാണ്. പക്ഷേ നേരത്തെ അത് ചെയ്തിരുന്നുവെങ്കിൽ ഇത് വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

വരുമായിരുന്നോ എന്ന് ചോദിക്കുമ്പോൾ തെറ്റിദ്ധരിക്കരുത്. അതെല്ലാം തന്നെ ഗവൺമെന്റ് ചെയ്യേണ്ടതാണ്.

കൂടിയാലോചനയ്ക്കു വിളിച്ചാൽ ചെല്ലാതിരിക്കുന്ന ഒരു പാർട്ടിയാണോ പ്രതിപക്ഷത്തിരിക്കുന്നത്? കൂടിയാലോചനയ്ക്കു വിളിച്ചാൽ ചെല്ലാതിരിക്കുന്ന സംഘടനയാണോ എസ്.എഫ്.ഐ.-യും എ.ഐ.വൈ.എഫ്.-ഉം അതുപോലുള്ള സംഘടനകളും. കൂടിയാലോചനയ്ക്ക് ചെന്നാൽ ആ കുട്ടികളെ അപമാനിച്ചുവിടുക എന്നത് ക്ഷണിക്കപ്പെടുന്ന മന്ത്രിമാർ കാണിക്കുമ്പോൾ അവർക്ക് ജനാധിപത്യപരമായി പ്രതിഷേധം കാണിക്കാതിരിക്കുവാൻ പറ്റുകയില്ല. അങ്ങനെ പ്രതിഷേധം കാണിക്കുമ്പോൾ അടിയും തൊഴിയും ചവിട്ടുമൊക്കെ കൊള്ളുമെന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് പ്രതിഷേധിക്കുന്നത്. അതുകൊണ്ട് പ്രതിപക്ഷത്തേയും കുട്ടികളേയുമെല്ലാം കുറ്റം പറഞ്ഞ് കാട്ടിക്കൊണ്ടിരിക്കുന്ന ഈ സ്വാശ്രയ മാനേജുമെന്റിന്റെ വിടുവേല എന്ന സമീപനം നിർത്താൻ നിങ്ങൾ തയ്യാറാകണം. നിങ്ങൾ ഒമൊറ്റ സ്വാശ്രയ മാനേജുമെന്റിനെതിരായിട്ടും പറയാൻ കൂട്ടാക്കിയില്ല എന്നു മാത്രമല്ല നിങ്ങൾ അവസാനമായിട്ടും എന്റെ സ്നേഹിതൻ ശ്രീ. എം.വി. രാഘവനെ പുകഴ്ത്തുകയാണുണ്ടായത്. അക്കൂട്ടത്തിൽ യൂനിസ് എന്ന കുട്ടിയ്ക്ക് പരിയാരം മെഡിക്കൽ കോളേജിൽ ചേരാൻ കഴിയാതെ തരംതാഴ്ത്തി വേറൊരു കോളേജിൽ ചേരാൻ ഇടയാകത്തക്കവിധം ബഹുമാനപ്പെട്ട രാഘവൻ ചെയ്തത് ശരിയായില്ല എന്നുകൂടി നിങ്ങൾ പറയുമെന്നാണ് ഞാൻ കരുതിയത്. ഈ പുകഴ്ത്തുന്ന കൂട്ടത്തിൽ ഇതുംകൂടി ഓർക്കണം. പുകഴ്ത്തിക്കോ .... പുകഴ്ത്തിക്കോ. എഞ്ചിനീയറിംഗ് കോളേജുകളിലെ കുട്ടികളുടെ പ്രവേശന കാര്യത്തിലും ഫീസിന്റെ കാര്യത്തിലും മി. ബഷീറിന്റെ വിദ്യാഭ്യാസ വകുപ്പും അതുപോലെ ട്രാൻസ്പോർട്ട് വകുപ്പുമെല്ലാംതന്നെ കാണിച്ച സമീപനം നിങ്ങൾ സഹകരണ രംഗത്ത് സ്വീകരിക്കാതിരുന്നത് ഏതായാലും ശരിയായില്ല. നിങ്ങൾ ചെയ്യാതിരുന്ന ഈ നടപടിമൂലം ഈ ഗവൺമെന്റാകെത്തന്നെ അപമാനിതമായി. ഒരു മന്ത്രിയാണ് കാണിച്ചതെങ്കിലും, ഈ ഗവൺമെന്റ് അപമാനത്തിലാകുന്നതിന് ഇടയാകുന്നതിനുള്ള ഒരു സമീപനമായിപ്പോയി മി. രാഘവൻ, എന്ന് നട്ടെല്ലുറപ്പിച്ചുനിന്ന് പറയാൻ എന്റെ സ്നേഹിതൻ ശ്രീ. ഉമ്മൻ ചാണ്ടിക്ക് കഴിഞ്ഞില്ല. അതുവളരെ പോകണംകേടു തന്നെ ആയിപ്പോയി. ഇനിയും നിങ്ങൾക്ക് ചിന്തിക്കാം; ഇനിയും നിങ്ങൾക്ക് ആലോചിക്കാം. നിങ്ങൾക്ക് സഹമന്ത്രിയോട് പറയാം; ഉപദേശിക്കാം. ഇതെല്ലാം കാണിച്ചതുകൊണ്ടല്ലേ ഞങ്ങളുടെ കുട്ടികൾ ഈ മർദ്ദനത്തിന് വിധേയമായത്? ഇങ്ങനെ കാണിച്ചില്ലായിരുവെങ്കിൽ ഇത് ഉണ്ടാകുമായിരുന്നോ? നിങ്ങൾക്ക് പോലീസിനെ അഴിച്ചുവിടേണ്ടി വരുമായിരുന്നോ? ഇതിന്റെയെല്ലാം കുറ്റം നിങ്ങളുടേതു തന്നെയാണ്. ആദ്യമേതന്നെ ഇതിനൊരു ചർച്ചയ്ക്കു വിളിക്കാതിരിക്കുക എന്ന നടപടി സ്വീകരിച്ചതിനും കുറ്റം നിങ്ങളുടേത്; രണ്ടാമത് നിങ്ങളുടെ

[11.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രിമാർതന്നെ കാണിച്ച കൊള്ളരുതായ്മയുടെ ഫലമായിട്ടുള്ള സ്ഥിതിഗതിയിലും എത്തിച്ചത് ആരാണ്? നിങ്ങളുടെ കൊള്ളരുതായ്മ. ഇതെല്ലാം ഞങ്ങളുടെ പിടലിക്കു വച്ചിട്ട്, ഞങ്ങളെ കുറ്റക്കാരാക്കിയിട്ട് തടിതപ്പാൻ ശ്രമിക്കുന്നത് നന്നല്ല. പെൺകുട്ടികളെപ്പോലും അത്യന്തം ഹീനമായ രീതിയിൽ തൊഴിക്കുകയും ചവിട്ടുകയും എല്ലൊടിക്കുകയും ചെയ്യുകയും, അഞ്ചുറോളം കുട്ടികളെ ഇത്തരത്തിൽ കൽത്തുറുങ്കിലടയ്ക്കുകയും ക്രൂരമായി മർദ്ദിച്ച് ആശുപത്രിയിലാക്കുകയും ഭീകരത സൃഷ്ടിക്കുകയും ചെയ്തത്, ഏതാണ്ട് ഹിറ്റ്ലറുടെ കാലത്തും, ഹിറ്റ്ലറുടെ കാലത്തും കുപ്രസിദ്ധന്മാരായ ഭരണാധികാരികളെ അനുസ്മരിപ്പിക്കും വിധമാണ് എന്ന് പറയേണ്ടിവന്നതിൽ ഞങ്ങൾക്ക് ഖേദമുണ്ട്. അത് നിങ്ങൾ സൃഷ്ടിച്ചതുകൊണ്ടുമാത്രം ഞങ്ങൾ പറയുകയാണ്. അതുകൊണ്ട് ഈ സമീപനം നിങ്ങൾ തിരുത്തണം. നിങ്ങളുടെ ഈ തെറ്റായ സമീപനത്തെ അതിശക്തമായ നിലയിൽ ഞങ്ങൾക്ക് പ്രതിഷേധിക്കാതിരിക്കുവാൻ കഴിയില്ല. അതുകൊണ്ട് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യാൻകൂട്ടാക്കാത്ത ഗവൺമെന്റിന്റെ സമീപനത്തിൽ ശക്തമായി പ്രതിഷേധിച്ച് ഞങ്ങൾ ഈ സഭയിൽനിന്ന് വാക്കൗട്ട് ചെയ്യുകയാണ്.

(പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. വി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏതാണ്ട് 50 മിനിട്ട് ഇവിടെ മറുപടി പറഞ്ഞു. കുറച്ചു സമയം ഇവിടെനിന്ന് ഇടപെട്ടിട്ടുണ്ടായിരിക്കാം. പക്ഷേ ആ മറുപടി പറഞ്ഞതിൽ ചില കാര്യങ്ങൾ ഞാൻ അങ്ങയുടേയും വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്നാണ് ഈ സർവ്വകക്ഷിയോഗം ചേർന്നത്? ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്താൻ ഞങ്ങളുടെകൂടി സഹകരണം ചോദിച്ചുകൊണ്ടുള്ള സർവ്വകക്ഷി യോഗം എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയതെന്ന് പറയേണ്ടതായിരുന്നു. അങ്ങ് ലോട്ടറിയുടെ കാര്യം ചർച്ച ചെയ്യാൻ യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്; സ്മാർട്ട് സിറ്റിയുടെ കാര്യം ചർച്ച ചെയ്യാൻ യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്; പഞ്ചായത്തിലെ വോട്ടർപട്ടികയുടെ കാര്യം ചർച്ച ചെയ്യാൻ യോഗം വിളിച്ചു കൂട്ടിയിട്ടുണ്ട്. ആ യോഗത്തിലൊക്കെ ഞങ്ങൾ ആദ്യാവസാനം പങ്കെടുത്തിട്ടുണ്ട്. ഒരുപാട് സമയമെടുത്ത് നമ്മൾ ചർച്ച നടത്തിയിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 9-ാം ഷെഡ്യൂളിനെ സംബന്ധിച്ച് ഏതു ദിവസമാണ് അങ്ങനെയൊരു യോഗം വിളിച്ചു കൂട്ടിയത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : വിളിച്ചുകൂട്ടി എന്നല്ല പറഞ്ഞത്. 9-ാം ഷെഡ്യൂൾ സംബന്ധിച്ച് സർവ്വകക്ഷിയോഗം ചേരണം; നമുക്ക് ഒന്നിച്ച് മൂവ് ചെയ്യാമെന്ന് ഈ സഭയിൽ പറഞ്ഞപ്പോൾ.....

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞങ്ങൾ എതിർത്തോ?

ശ്രീ. ഉമ്മൻ ചാണ്ടി: അപ്പോൾ നിങ്ങൾ പറഞ്ഞു, ഇതിന് മാറ്റങ്ങൾ വരുത്തണം. മാനേജുമെന്റിനെ നിയന്ത്രിക്കുന്ന വ്യവസ്ഥകൾകൂടി ഉണ്ടെങ്കിലേ പറ്റൂ എന്ന് പറഞ്ഞു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാനിതു പറയാൻ കാരണം, ഈ ചർച്ച കേരളത്തിലെ വിദ്യാർത്ഥികളും രക്ഷകർത്താക്കളുമൊക്കെ ഉറ്റുനോക്കുന്നതല്ലേ? ഞങ്ങൾ ഇത്തരം ഒരു അടിയന്തിരപ്രമേയം അവതരിപ്പിച്ച് വിഷയങ്ങൾ അവതരിപ്പിക്കുമ്പോൾ അതിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്ന മറുപടി വളരെ ശ്രദ്ധാപൂർവ്വമായിരിക്കണം. പുറത്തുള്ളവർ ശ്രദ്ധിക്കുന്നതുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്. ഈ സഭയിൽ അങ്ങനെയൊരു ചർച്ച നടന്നിട്ടില്ല. ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഇത് ഉൾപ്പെടുത്തണമെന്ന് ശക്തമായി അഭിപ്രായപ്പെട്ട ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധിയാണ് ഞാൻ. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി വളരെ ശക്തമായി ഈ ആവശ്യം പലതവണ ഉന്നയിച്ചതാണ്. പാർലമെന്റിലും ഈ വിഷയം ഞങ്ങൾ ശക്തമായി ഉന്നയിച്ചു. ആ രീതിയിൽ മുഖ്യമന്ത്രി മുൻകയ്യെടുത്ത് നമ്മൾ എല്ലാകക്ഷികളുംകൂടി ഒന്നിച്ച് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ആവശ്യമായ രീതിയിൽ നടപടി എടുത്തിരുന്നുവെങ്കിൽ 9-ാം ഷെഡ്യൂളിൽപ്പെടുമായിരുന്നു. നമുക്കിത് പ്രൊട്ടക്ട് ചെയ്യാൻ കഴിയുമായിരുന്നു. അതിനു നടപടി എടുത്തില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* നേരത്തേ വിളിച്ചിട്ടില്ല, ചർച്ച ചെയ്തില്ല എന്നൊക്കെ ചില അംഗങ്ങൾ പറയുന്നുണ്ട്. അതിരിക്കട്ടെ, ഇപ്പോൾ എന്താണ് പൊസിഷൻ? ഇപ്പോൾ ഇവിടെ സംസാരിച്ചല്ലോ. 9-ാം ഷെഡ്യൂളിൽപ്പെടുത്തുന്നതിനെ സംബന്ധിച്ച് അങ്ങയ്ക്ക് അറിയാം. അസംബ്ലിയിൽ പാസ്സാക്കിയ നിയമമാണ് ഇപ്പോൾ ഇവിടെയുള്ളത്. ആ നിയമം 9-ാം ഷെഡ്യൂളിൽ ഉൾക്കൊള്ളിക്കുവാൻ വേണ്ടി ജോയിന്റായി നീങ്ങാൻ ഇപ്പോൾ നിങ്ങൾ എല്ലാവരും തയ്യാറുണ്ടോ? തൊട്ടുമുമ്പ് ഇറങ്ങിപ്പോയവർ പറഞ്ഞത് ഇത് പറ്റില്ലെന്നാണ്. ഈ അസംബ്ലിയിൽ ഇന്നു കണ്ട രംഗമാണ്. എന്തിനാണ് നമ്മൾ സാങ്കല്പികമായി പറയുന്നത്? ഇപ്പോൾ നിങ്ങൾ തയ്യാറുണ്ടോ? അങ്ങ് ഇപ്പോൾ പോയി അവരുമായി സംസാരിക്കുക. അവർ പറയട്ടെ, ഈ പാസ്സാക്കിയ നിയമം ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംയുക്തമായി പോകാൻ ഞങ്ങൾ തയ്യാറാണ്. അതു പറഞ്ഞപ്പോഴാണ് പറഞ്ഞത്; പറ്റില്ല, ഇതിൽ ഭേദഗതി വേണമെന്ന്. അത് പറ്റുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. രാജേന്ദ്രൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമായതുകൊണ്ടാണ്. 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി; ഈ നിയമത്തിനുവേണ്ട സംരക്ഷണം നൽകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ 50 ശതമാനം മെറിറ്റ് സീറ്റിൽ ചേരുന്ന കുട്ടികൾ സർക്കാർ ഫീസ് നൽകിയാൽ മതി എന്നത് ഇവിടെ നടപ്പാക്കുവാൻ വേണ്ട നടപടിയിൽ പരിപൂർണ്ണമായി സപ്പോർട്ട് ചെയ്ത പാർട്ടിയാണ് ഞങ്ങളുടേത്. ആ നടപടിയെ ഞങ്ങളെല്ലാവരും സപ്പോർട്ട് ചെയ്തതാണ്. പക്ഷേ ഗവൺമെന്റിന്റെ ഭാഗത്ത് അത്തരമൊരു നടപടി ഉണ്ടായില്ല. ഇപ്പോൾ നടപടി ഉണ്ടായില്ല, കഴിഞ്ഞ വർഷം കൗൺസലിംഗ് കഴിഞ്ഞു, ഈ വർഷത്തെ കൗൺസലിംഗും ഏതാണ്ട് കഴിയാറായപ്പോൾ നമുക്ക് ആലോചിച്ചുകൂടേ എന്നു പറയുന്ന ആ ആത്മാർത്ഥതയെ ഞങ്ങൾ അംഗീകരിക്കുന്നില്ല. അത് ഉദ്ദേശശുദ്ധി ഉള്ളതല്ല. ഒരുകാര്യം മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുകയാണ്, ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും മുഖ്യമന്ത്രി മറുപടി പറഞ്ഞു. പത്ര പരസ്യങ്ങൾ ഉൾപ്പെടെ കുറേ സമയമെടുത്തു. സഹകരണ മെഡിക്കൽ കോളേജിന്റെ വിഷയമല്ലേ? വളരെ ക്രൂഷ്യലായ ഒരു പ്രശ്നം. അതല്ലേ ഈ പ്രശ്നങ്ങൾ മുഴുവൻ ഉണ്ടാക്കിയത്? കഴിഞ്ഞ വർഷം സഹകരണ മെഡിക്കൽ കോളേജിൽ സർക്കാർ നിശ്ചയിച്ച ഫീസ് കൊടുത്താൽ മതിയെന്നുപറഞ്ഞ് പ്രവേശനം നേടിയ കുട്ടികൾക്ക് രണ്ടാം വർഷം വന്നപ്പോൾ കഴിഞ്ഞ വർഷം നിങ്ങൾ അടച്ച ഫീസ് പോരാ മുഴുവൻ ഫീസ് അടയ്ക്കണമെന്ന് പറഞ്ഞ് നോട്ടീസ് കൊടുത്തിരിക്കുന്നു. അങ്ങനെ അടച്ചില്ലെങ്കിൽ കുട്ടികളെ പുറത്താക്കുമെന്ന് ഭീഷണി വന്നപ്പോഴല്ലേ പ്രശ്നങ്ങളായത്? ആ കുട്ടികളുടെ രക്ഷകർത്താക്കൾ ഒരു സംഘടന രൂപീകരിച്ചു. പ്രതിപക്ഷ പാർട്ടിക്കാരെ അവരെല്ലാം വന്നു കണ്ടു. നിങ്ങളോട് രാഷ്ട്രീയ അനുഭാവം ഉള്ളവരും ഉണ്ടാകില്ലേ? ഞങ്ങൾ പരിപൂർണ്ണമായും ഈ സമരത്തിന് സപ്പോർട്ട് ചെയ്യുന്നു. ഞങ്ങൾ പങ്കെടുക്കുന്നു. അതുകൊണ്ട് ഞങ്ങൾ ഇവിടെ സൂചിപ്പിക്കുന്നത് ശ്രീ. കുഞ്ഞാലിക്കുട്ടിയും ശ്രീ. ശങ്കരനാരായണനുമൊക്കെ ഗവൺമെന്റിനുവേണ്ടി വിദ്യാർത്ഥി സംഘടനകളെ വിളിച്ചുകൂട്ടി ചർച്ച ചെയ്ത് ഉണ്ടാക്കിയ എഗ്രിമെന്റ് വ്യവസ്ഥകളനുസരിച്ച് കാര്യങ്ങൾ നടപ്പാക്കണം. അതിൽ എവിടെയാണ് തടസ്സം? കോടതിയാണോ? കോടതി തീരുമാനങ്ങളെ മറികടക്കുവാനുള്ള നിയമപരമായ നടപടികളിലേക്ക് പോകണം. അതിന് ഏതു നടപടികളെടുക്കണമെന്ന് ആലോചിക്കുന്നതിനുപകരം വിദ്യാർത്ഥി സമരത്തെ അടിച്ചമർത്തിയാൽ മതിയോ? ഇന്നലെ മെഡിക്കൽ കോളേജിൽ പോയി മുഖ്യമന്ത്രി കാണണമായിരുന്നു. വിദ്യാർത്ഥി നേതാവു കൂടിയായ മുഖ്യമന്ത്രിയുടെ മകൾ, അച്ചു ഉമ്മന്റേയും അതിനു താഴെയും പ്രായമുള്ള കുട്ടികളല്ലേ ഗ്രനേഡ് കാലിൽ കയറി തകർന്ന് ശരീരം മുഴുവൻ ചോരയൊലിച്ച്, എല്ല് പൊട്ടി, മുട്ടിന്റെ ചിരട്ട പോയി ഗുരുതരമായ സ്ഥിതിയിൽ കിടക്കുന്നത്? ഇതിനെക്കുറിച്ച് അന്വേഷിക്കുവാൻ, നിങ്ങൾ തയ്യാറാകണം. ഇവിടെ കിട്ടിയ

LIBRARY ARCHIVES Kerala Legislative Assembly

ഒരു പരാതിയാണ്. അന്വേഷിക്കണം. ഇന്നലെ ശ്രീകാര്യത്തുനിന്നും അറസ്റ്റു ചെയ്ത് പോലീസ് വാനിൽ കയറ്റിയ, നാല് പെൺകുട്ടികൾ ഉൾപ്പെടെ പത്ത് പതിനഞ്ച് പേരെ ഒന്നര മണിക്കൂറോളം പോലീസ് വാനിലിട്ട് ചവിട്ടി. ഈ മർദ്ദനത്തിനൊക്കെ പുറമേ ആ കുട്ടികളൊക്കെ എവിടെയാണുള്ളത്? നിങ്ങൾ പിടിച്ചുകൊണ്ടുപോയ കുട്ടികൾ മുഴുവൻ ജയിലിലായോ? നിങ്ങൾ പിടിച്ചു കൊണ്ടുപോയ കുട്ടികൾ മുഴുവൻ ആശുപത്രിയിലായോ? ആ കുട്ടികളൊക്കെ എവിടെ? മുഖ്യമന്ത്രി അന്വേഷിക്കണം. ഏതെങ്കിലും കുട്ടികളെ കാണാതായിട്ടുണ്ടോ? ഭീകരമായ മർദ്ദനമേറ്റ കുട്ടികളെവിടെ? നിങ്ങൾ പോലീസ് കസ്റ്റഡിയിൽ വെച്ചവർ എവിടെ? അന്വേഷിക്കണം. പോലീസ് പിടിച്ചുകൊണ്ടുപോയി വാനിലിട്ട് ഊർ മുഴുവൻ ചുറ്റി മർദ്ദിച്ച പല കുട്ടികളും മിസ്സിംഗ് അല്ലേ? അന്വേഷിക്കണം. അവരൊക്കെ എവിടെയാണ്? നിങ്ങൾ എന്താണ് എഫ്.ഐ.ആർ. എഴുതി അവരെ കോടതിയിൽ ഹാജരാക്കാത്തത്? ഇന്നത്തെ ദിവസം മുഖ്യമന്ത്രിയുടെ നീണ്ട പ്രസംഗം കേട്ടപ്പോൾ കുറേ കാര്യങ്ങൾ പറയണമെന്ന് വിചാരിച്ചു. അങ്ങയുടെ ഇന്നത്തെ അവസ്ഥ ഞങ്ങൾക്ക് മനസ്സിലാകും. നൂറ് പേരുടെ പിന്തുണയുമായി വന്നു. കാലിനടിയിലെ മണ്ണ് ചോർന്ന് പോവുകയല്ലേ? നൂറു പോയി 99 ആയി, 98 ആയി, 92 ആയി; ഇപ്പോൾ 84 ആയി. ഇനി 82 ആവും, 75 ആവും. പിന്നെ മുഖ്യമന്ത്രി താഴെ വരും. എന്നും അധികാരത്തിന്റെ ആനപ്പുറത്ത് കയറി ഇരിക്കാമെന്ന് ധരിക്കരുത്. കാലിനടിയിലെ മണ്ണ് ചോർന്ന് പോകുമ്പോൾ അൽപ്പം സമനിലയൊക്കെ തെറ്റിപ്പോകുന്നുണ്ട്. ഞാൻ ദീർഘിപ്പിക്കുന്നില്ല. സ്പീക്കർ കൂടി ഇക്കാര്യത്തിൽ നല്ല അഭിപ്രായം ഇവിടെ പ്രകടിപ്പിച്ചു. പോലീസ് മർദ്ദനത്തിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട്; ഈ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് കുറ്റകരമായ വീഴ്ച വരുത്തിയതിൽ പ്രതിഷേധിച്ച് ഇന്ന് ഒരു സമ്പൂർണ്ണമായ ചർച്ച നടത്തി, ആ ചർച്ചയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകാൻ ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞങ്ങളും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. സി. കെ. നാണു: സർ, അടുത്ത കാലത്തൊന്നും ഉണ്ടായിട്ടില്ലാത്ത വിധത്തിലുള്ള ഏറ്റവും ക്രൂരമായ പോലീസ് മർദ്ദനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നതിന്റെ പശ്ചാത്തലത്തിലാണ് ഇവിടെ അടിയന്തിരപ്രമേയം കൊണ്ടുവന്നത്. അടിയന്തിരപ്രമേയവുമായി ബന്ധപ്പെട്ട് ചർച്ച നടന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ചർച്ച ചെയ്ത് തീരുമാനിക്കാൻ ഞങ്ങൾ സന്നദ്ധരാണെന്ന് പറഞ്ഞു. കേരളത്തിൽ യു.ഡി.എഫ്. അധികാരത്തിൽ വന്നശേഷം സ്വാശ്രയ കോളേജുകൾ അനുവദിക്കാൻ തുടങ്ങിയതോടുകൂടി വിദ്യാർത്ഥി പ്രവേശനം

LIBRARY ARCHIVES Kerala Legislative Assembly

സജീവമായിരുന്നു. വിദ്യാർത്ഥികൾക്ക് മർദ്ദനമേറ്റു. രാഷ്ട്രീയ പാർട്ടികളുടേയും രക്ഷിതാക്കളുടേയും ഭാഗത്തുനിന്നും സമരമുണ്ടായി. അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി സ്വാശ്രയ കോളേജ് വരുമ്പോൾ ഫീസിന്റെ കാര്യത്തിൽ ഇന്നയിന്ന നിലപാടുകൾ സ്വീകരിക്കുമെന്ന് ഈ നിയമസഭയിൽ പ്രഖ്യാപിച്ച ചില വാഗ്ദാനങ്ങളുണ്ട്. ആ വാഗ്ദാനങ്ങൾ പാലിക്കാൻ ഇന്ന് ഗവൺമെന്റിന് സാധിക്കുന്നുണ്ടോ? അതിന് കാരണമായി പറയുന്നത് ഹൈക്കോടതിയുടേയും സുപ്രീംകോടതിയുടേയും വിധിയാണ്. പാവപ്പെട്ടവർക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ലഭിച്ചിരുന്ന ഫീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതു സംബന്ധിച്ച് ചോദിച്ചത് കൗൺസലിംഗ് കഴിഞ്ഞു; അതുകൊണ്ട് ഈ വർഷം ഇത് നമ്മൾ കൂടുതൽ ചർച്ച ചെയ്തിട്ട് ഫലമുണ്ടോയെന്നാണ്. അദ്ദേഹത്തിന്റെ വാക്കുകൾ അംഗീകരിച്ചു. ഇപ്പോൾ ഈ പ്രശ്നം വന്നപ്പോൾ എന്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈ എടുത്ത് ഇവിടത്തെ രാഷ്ട്രീയ നേതാക്കന്മാരേയും വിദ്യാർത്ഥി സംഘടനാ നേതാക്കന്മാരേയും വിളിച്ച് ചർച്ച പെയ്ത് ഒരു ധാരണയിലെത്താൻ സന്നദ്ധരായില്ല? ശ്രീ. എ.കെ.ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഇത് പരിഹരിക്കാൻ സന്നദ്ധനാണെന്ന് പറഞ്ഞുകൊണ്ട് ചർച്ച ചെയ്യാൻ തയ്യാറായപ്പോൾ അതിന് പ്രതിപക്ഷവും സന്നദ്ധമായിരുന്നല്ലോ. ഗവൺമെന്റിന്റെ നിലപാടിനോട് വിയോജിപ്പ് ഉണ്ടായിരുന്നെങ്കിൽപ്പോലും അവ രമ്യമായി പരിഹരിച്ച് പ്രക്ഷോഭമില്ലാതെ സമാധാനപരമായി നിലനിർത്താൻ പരിശ്രമിച്ചവർ ഇവിടത്തെ പ്രതിപക്ഷമല്ലേ? ആ പ്രതിപക്ഷവുമായി ചർച്ച ചെയ്യാതെ പോലീസിനെ അഭിനന്ദിക്കുന്ന രീതിയിൽ കൗൺസലിംഗ് നടത്തുമ്പോൾ സ്വാഭാവികമായും വിദ്യാർത്ഥി പ്രക്ഷോഭമുണ്ടാകും. ആ വിദ്യാർത്ഥി പ്രക്ഷോഭത്തെ അടിച്ചമർത്താൻ ശ്രമിക്കുമ്പോൾ യുവജനങ്ങളും അണിനിരന്നുകൊണ്ട് അതിനെ നേരിടാൻ ശ്രമിക്കും. അങ്ങനെ ഒരു സാഹചര്യമുണ്ടാകുമ്പോൾ കേരളത്തിന്റെ വിദ്യാഭ്യാസരംഗം ആകമാനം തകരാറിലാവുമെന്ന് മനസ്സിലാക്കി മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഒരാഴ്ച മുമ്പെങ്കിലും ചർച്ച ചെയ്യാൻ തയ്യാറാകാത്തത് എന്താണ്?

മി. സ്പീക്കർ: സമയം സംസാരിക്കരുത്. ഇത് ചർച്ച അല്ലല്ലോ. പുറത്തുപോകാൻ വേണ്ടി രണ്ട് വാക്ക് സംസാരിച്ചാൽ മതി. ധാരാളം സമയമായി. There is a limit.

ശ്രീ. സി. കെ. നാണു: ഞാൻ നിർത്തുകയാണ്. പോലീസ് ശക്തിയെ മാത്രം ഈ ഗവൺമെന്റ് ആശ്രയിക്കാതെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട് എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ കൈകാര്യം ചെയ്യണ്ടേ? തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കുറേ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥിനികൾ മർദ്ദനമേറ്റ് കിടക്കുന്നു. പെൺകുട്ടികൾ സമരം ചെയ്യുന്ന അവസരത്തിൽ അവരെയെങ്കിലും മർദ്ദിക്കാതെ അറസ്റ്റ് ചെയ്ത് നീക്കാനുള്ള നടപടികൾ സ്വീകരിക്കണം.

മി. സ്പീക്കർ: ഇത് ഡിസ്ക്കഷനല്ല. Please conclude.

ശ്രീ. സി. കെ. നാണു: കഴിഞ്ഞ നാല് കൊല്ലമായി പല ഘട്ടങ്ങളിലായി ഇതൊക്കെ ചർച്ച ചെയ്ത് ഉണ്ടാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഒരു മിനിട്ട് മാത്രം സംസാരിച്ചിരിക്കുന്ന ഞങ്ങളെപ്പോലുള്ളവർക്ക് കുറെ സംസാരിക്കേണ്ടിവരുന്നത്. അതിനോട് താല്പര്യം ഉണ്ടായിട്ടല്ല. പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി ഇത് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇറങ്ങിപ്പോകുന്നു.

(ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. എ. എ. അസീസ്: സർ, ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. വിദ്യാർത്ഥി സമരം ഈ ഗവൺമെന്റിന്റെ നയംമൂലം ക്ഷണിച്ചുവരുത്തിയതാണ്. വിദ്യാർത്ഥികളെ കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പോലീസ് കൈകാര്യം ചെയ്തത് വളരെ നീചവും പൈശാചികവുമായ നിലയിലാണ്. എന്നുമാത്രമല്ല, കഴിഞ്ഞ ദിവസം എ.കെ.ജി. സെന്റർ ഉൾപ്പെടെയുള്ള പാർട്ടി ഓഫീസുകൾക്കുനേരെ പോലീസിന് ഗ്രനേഡ് എറിയാനും ജലപീരങ്കി ഉപയോഗിക്കാനും അനുവാദം കൊടുത്തത് വാസ്തവത്തിൽ വളരെ മോശപ്പെട്ട ഒരു സ്ഥിതിവിശേഷമാണ്. ഈ നിലയിൽ പോയാൽ എവിടെ അവസാനിക്കും? ഇന്ന് പാർട്ടി കേന്ദ്രങ്ങളിലേക്ക് കടന്നാക്രമിക്കാൻ പോലീസിന് അധികാരം കൊടുക്കുന്ന ഒരു പോലീസ് നയം സംസ്ഥാനത്തിന് ഭൂഷണമല്ല. പണ്ടും പല പാർട്ടി ഓഫീസുകൾക്ക് നേരെ, പല കോൺഗ്രസ്സ് പാർട്ടി ഓഫീസുകൾക്ക് നേരേയും ആക്രമണം ഉണ്ടായിട്ടുണ്ട്. അന്ന് കോൺഗ്രസ്സ് പ്രതിഷേധിച്ചിട്ടുണ്ട്. അതുപോലെ മറ്റ് രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം തന്നെ അതിനെതിരായി പ്രതിഷേധിച്ചിട്ടുണ്ട്. ഒരു പാർട്ടി കേന്ദ്രം, എന്നുപറയുമ്പോൾ നാളെ ഈ സംസ്ഥാനം ഭരിക്കാൻ അവകാശമുള്ള ഒരു പാർട്ടിയുടെ കേന്ദ്രമാണ്. ആ പാർട്ടി കേന്ദ്രത്തിൽ ഗ്രനേഡ് എറിയാനും ജലപീരങ്കി ഉപയോഗിക്കാനും അനുവാദം കൊടുക്കുന്ന പോലീസ് നയം പൈശാചികമാണ്, അത് തിരുത്തേണ്ടതാണ്. അതിന് മുഖ്യമന്ത്രി മാപ്പ് പറയേണ്ടതാണ്. യഥാർത്ഥത്തിൽ ആ സംഭവം ഒഴിവാക്കാമായിരുന്നതാണ്. മുഖ്യമന്ത്രി തന്നെ നേരിട്ട് അതിന് ഉത്തരവ് കൊടുത്തതാണെന്ന് മറ്റ് ചില കേന്ദ്രങ്ങളിൽ നിന്നും ആരോപണമുണ്ടായാൽ ആ ആരോപണത്തെ പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിക്ക് എങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിക്കാൻ കഴിയും? ആ സംഭവത്തെ സംബന്ധിച്ച് ഈ സഭയിൽ ചർച്ചയ്ക്ക് അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇവിടെ വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് ചർച്ച ചെയ്യുന്നത്. ആ ചർച്ച ഇവിടെ അനുവദിക്കുകയായിരുന്നു ഭംഗി എന്നാണ് എന്റെ അഭിപ്രായം. അങ്ങനെയാകുമ്പോൾ സ്വാഭാവികമായി ഇപ്പുറത്തുള്ളവർക്കും ഈ ചർച്ചയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുമായിരുന്നു. ഇതിപ്പോൾ അപ്പുറത്തുള്ളവർ മാത്രം സംസാരിച്ചിട്ട് പോകുന്നു. അടിയന്തിരപ്രമേയം എന്നുള്ള നിലയിൽ ഈ സഭ ചർച്ച ചെയ്യേണ്ട ഒരു വിഷയമാണിത്. കാരണം ഇതൊരിക്കൽ ചർച്ച ചെയ്യപ്പെട്ടതാണ്. ഈ സഭയ്ക്ക് വിദ്യാർത്ഥി സമൂഹത്തിൽ ധാർമ്മികമായ ഒരു ബാദ്ധ്യതയുണ്ട്. കാരണം ഈ സംസ്ഥാനത്തെ ജനങ്ങളെ പ്രതിനിധീകരിക്കുന്ന ഈ സഭ ഉണ്ടാക്കിയ ഒരു നിയമത്തിന്റെ വകുപ്പുകൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് കേരളത്തിൽ സമരം നടക്കുന്നത്. ഈ സഭ ഏതാണ്ട് ഐകകണ്ഠ്യേന പാസാക്കിയ നിയമത്തിലെ നാലാം വകുപ്പിൽ ഫീസ് സ്ട്രക്ച്ചറിനെക്കുറിച്ച് വളരെ വ്യക്തമായി പറയുന്നുണ്ട്. Notwithstanding anything contained in any law for the time being in force or in any judgment, decree or order of any court or other authority or in any agreement. അതിന്റെയടിസ്ഥാനത്തിൽ ഫീസ് സ്ട്രക്ച്ചറിനെക്കുറിച്ച് താഴോട്ട് പറയുന്നുണ്ട്. The fees to be determined under Clause (B) of Sub-section (1) may include all or any of the following items namely..... ഞാൻ സമയക്കുറവ് കാരണം വായിക്കുന്നില്ല. അതിന്റെയടിസ്ഥാനത്തിൽ സ്വാശ്രയ കോളേജുകളിലെ ഫീസ് നിജപ്പെടുത്താൻ ഈ സഭ തീരുമാനിച്ചു. അങ്ങ് ചോദിച്ച ചോദ്യത്തിന് മറുപടിയുണ്ട്. മെഡിക്കൽ കോളേജുകൾ അല്ലേയുള്ളൂ, എഞ്ചിനീയറിംഗ് കോളേജുകളുണ്ടോയെന്നാണ് അങ്ങ് ചോദിച്ചത്. എഞ്ചിനീയറിംഗ് കോളേജുകളിലെ മെറിറ്റ് കാറ്റഗറിയിലുള്ള ഫീസ് 36,000 രൂപയാണ്. അവിടുത്തെ മാനേജ്മെന്റ് കാറ്റഗറിയിലുള്ള ഫീസും 36,000 രൂപയാണ്. സർക്കാരിന്റെ സ്ഥാപനങ്ങൾ, മെഡിക്കൽ കോളേജ് വല്ലതും നടത്തുന്നുണ്ടോ എന്ന് അങ്ങ് ഒരു ചോദ്യം ചോദിച്ചു; ഇല്ല. പക്ഷേ ഏതാണ്ട് 30,000-ൽ അധികം സീറ്റുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ സ്വാശ്രയ മാനേജ്മെന്റുകളിൽ പഠിക്കുന്ന മെറിറ്റ് സീറ്റിലുള്ള കുട്ടികൾക്ക് ഐ.എച്ച്.ആർ.ഡി.-യുടെയും കെ.എസ്.ആർ.ടി.സി.-യുടെയും എൽ.ബി.എസ്.-ന്റെയും കോളേജുകളിൽ കഴിഞ്ഞ വർഷം ഏർപ്പെടുത്തിയ കൺസഷൻസാണ് ഇന്ന് തുടരുന്നത്. ഗവൺമെന്റിന് മെഡിക്കൽ കോളേജില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതുകൊണ്ടല്ല എഞ്ചിനീയറിംഗ് കോളേജിലും അത് ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മറ്റൊന്ന് പരിയാരം മെഡിക്കൽ കോളേജിനെക്കുറിച്ചാണ്. ഈ നിയമം പാസായാൽ പരിയാരത്ത് ഈ ഫീസ് അല്ലേ വാങ്ങാൻ കഴിയൂ. ഇത് 9-ാം ഷെഡ്യൂളിൽപ്പെടുത്തിയെന്നുപറഞ്ഞു. 9-ാം ഷെഡ്യൂളിൽപ്പെടുത്തിക്കഴിഞ്ഞാൽ പരിയാരം കോളേജിലും എറണാകുളം കോളേജിലും കൊച്ചിൻ കോളേജിലും ഈ ഫീസ് അല്ലേ വാങ്ങാൻ കഴിയൂ? 50 ശതമാനം സീറ്റ് വരുമ്പോൾ അവിടെ കോടതി മൂന്ന് കാര്യം പറഞ്ഞു. ക്രോസ് സബ്സിഡി പാടില്ല. കോടതി ഒന്നുകൂടി പറഞ്ഞു, ശ്രീ. ഉമ്മൻ ചാണ്ടി വളരെ കാര്യമായി കോടതിയെപ്പറ്റി പറഞ്ഞു. നമ്മുടെ നിയമത്തിൽ പറഞ്ഞിട്ടില്ലേ? നമ്മൾ പാസാക്കിയ നിയമത്തിൽ സെക്ഷൻ 6-ൽ എന്താണ് പറഞ്ഞിരിക്കുന്നത്? ഒരു കാരണവശാലും ക്യാപ്പിറ്റേഷൻ പാടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. നമ്മുടെ മെഡിക്കൽ കോളേജിൽ 56 ലക്ഷം രൂപ വരെയായി. അത് കോളേജിലാണെന്ന് പറയുന്നുണ്ട്. മെഡിക്കൽകോളേജിൽ ഇവിടെ ക്യാപ്പിറ്റേഷൻ പാടില്ലെന്ന് പറഞ്ഞിരിക്കുന്നു. ഈ നിയമം പാസ്സായിട്ട് ഇത് രണ്ടാമത്തെ കൊല്ലമാണ് അഡ്മിഷൻ നടക്കുന്നത്. ക്യാപ്പിറ്റേഷൻ വാങ്ങുന്ന ഒരു മാനേജ്മെന്റിനെതിരായി കോടതിയിൽ ചെറുവിരലനക്കാൻ ശ്രീ. ഉമ്മൻ ചാണ്ടിക്ക് കഴിഞ്ഞോ? മാനേജ്മെന്റിനെതിരായി ക്യാപ്പിറ്റേഷൻ പാടില്ലെന്ന് നമ്മുടെ നിയമത്തിൽ പറയുന്നു; കോടതിയിൽ പറയുന്നു. 9-ാം ഷെഡ്യൂളിൽപ്പെടുത്തി നടപടിയെടുക്കേണ്ടതാണ്. ഈ നിയമത്തിൽ പറയുന്ന വ്യവസ്ഥകൾ അനുസരിച്ച് ക്യാപ്പിറ്റേഷൻ ഫീ വാങ്ങുന്ന ഒരു മാനേജ്മെന്റിന് എതിരായി നടപടിയെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? സഹകരണ വകുപ്പിന്റെ കീഴിലുള്ള കോളേജിലും ഈ നിയമം വന്നാൽ ഒരിക്കലും ഒരു കാരണവശാലും ക്യാപ്പിറ്റേഷൻ വാങ്ങാൻ പറ്റുകയില്ല. സ്വാശ്രയ പ്രൊഫഷണൽ കോളേജിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളിൽ നിന്ന് ജസ്റ്റീസ് കെ. ടി. തോമസ് കമ്മിഷൻ അംഗീകരിക്കുന്ന ഫീസ് മാത്രമേ വാങ്ങാൻ കഴിയൂ. എങ്ങനെ നടത്തും എന്ന് എനിക്കറിഞ്ഞുകൂടാ. ഈ നിയമമനുസരിച്ച് നടത്താൻ കഴിയും. ഞാൻ ഇവിടെ നടന്ന സമരത്തെക്കുറിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. ഈ സമരത്തിൽ പോലീസ് കുറേ അതിക്രമം കാണിച്ചിട്ടുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി സമരത്തിനുവേണ്ടി എല്ലാ സൗകര്യവും ചെയ്തുകൊടുക്കുന്ന ആളാണ്. കേരളത്തിന്റെ മുഖ്യമന്ത്രി കസേരയിൽ ഇരുന്നുകൊണ്ട് സമരത്തിന് വേണ്ടി എല്ലാ സൗകര്യവും ചെയ്തുകൊടുത്ത ആദ്യത്തെ മുഖ്യമന്ത്രിയാണ് അദ്ദേഹം. ഇവിടെ വനിതാ കമ്മീഷൻ രംഗത്ത് വന്നിട്ടുണ്ട്. എന്തുകൊണ്ടാണ്? പുരുഷൻമാരായ പോലീസുകാർ തല്ലി എന്നും ഉപദ്രവിച്ചുവെന്നും പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ നിങ്ങൾ നിയമിച്ച ശ്രീമതി കമലം ഇന്നലെ ടി.വി. യിൽ ..... (ബഹളം) ..... ഒന്നു കേൾക്കൂ, ഞാൻ പറയട്ടെ.....ഞാൻ അതിന്റെ വസ്തുനിഷ്ഠമായ തെളിവെടുപ്പിലേക്കൊന്നുമല്ലല്ലോ

LIBRARY ARCHIVES Kerala Legislative Assembly

കടക്കുന്നത്. ശ്രീമതി കമലം പറഞ്ഞിരിക്കുന്നത് പെൺകുട്ടികളെ പുരുഷൻമാരായ പോലീസുകാർ തെറ്റായി കൈകാര്യം ചെയ്തതിനെതിരായി ഞങ്ങൾ സുവോ മോട്ടോ ആയി കേസെടുക്കാൻ പോകുകയാണ് എന്നാണ്. രണ്ടാമത് ഒരു കാര്യം കൂടി പറയുന്നുണ്ട് ..... (ബഹളം)..... ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ ഒരു കാര്യത്തിൽ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി മറുപടി പറയുമെന്ന് ഞാൻ കരുതി. ഈ രാജ്യത്തെ അച്ഛൻമാരേയും കന്യാസ്ത്രീകളേയും ഇതുപോലെ തല്ലിയ ഒരു ഗവൺമെന്റ് ഉണ്ടായിട്ടുണ്ടോ? അത് നമ്മൾ കണ്ടതല്ലേ? ജനലിൽക്കൂടി ലാത്തി ഇട്ട് കുത്തുകയാണ്. നിയമം നമുക്ക് നടപ്പിലാക്കാം അതിന്റെ ന്യായാന്യായങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഇവിടെ ഒരു കാരണവശാലും പോലീസിന്റെ നടപടി തുടരാൻ അനുവദിക്കരുത്. അതുകൊണ്ട് ഈ നടപടിയിൽ പ്രതിഷേധിക്കുന്നതാണ്. നാളെ അത് ഉപദ്രവമായി വരും. സമരം മാത്രമല്ല വലിയ കോളിളക്കവും കുഴപ്പങ്ങളും വരും. ഞാൻ എ.കെ.ജി. സെന്ററിൽ ഗ്രനേഡ് പൊട്ടിയതിന്റെ ന്യായങ്ങളിലേക്ക് കടക്കുന്നില്ല. ഒരു രാഷ്ട്രീയ കക്ഷിയുടേയും ഓഫീസിലേക്ക് പോലീസ് കടക്കാൻ പാടില്ല. പോലീസ് വെടിവയ്ക്കാൻ പാടില്ല. എ. കെ. ജി. സെന്ററല്ല നാളെ ഇന്ദിരാ ഭവനിൽ എറിഞ്ഞാലും തെറ്റ് തെറ്റാണെന്നുള്ള വസ്തുത മനസ്സിലാക്കിയിരിക്കേണ്ടതാണ്. അങ്ങ് ഈ വീഡിയോ ദൃശ്യങ്ങൾ കാണണം. കുറ്റക്കാരുടെ മുഖം കാണിച്ചിട്ടുണ്ട്. പെൺകുട്ടികളെ ചവിട്ടിയത് ഉൾപ്പെടെയുള്ള കാര്യങ്ങൾ, വലിച്ചിഴയ്ക്കുന്ന കാര്യങ്ങൾ അങ്ങ് കണ്ടിട്ട് നാല് ആളുകളുടെ പേരിലെങ്കിലും നടപടിയെടുത്ത് ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രിയാണ് അങ്ങെന്ന് പറയാൻ അവസരം കൊടുത്ത്, ഇക്കാര്യം ചർച്ച ചെയ്യേണ്ടതായിരുന്നു. അങ്ങനെ ചർച്ച ചെയ്യാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ഇവിടെ പറഞ്ഞ കാര്യങ്ങളൊന്നും ആവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരണം തന്ന അവസരത്തിൽ അദ്ദേഹം മറച്ചുവച്ച ചില കാര്യങ്ങൾ ഉണ്ട്. സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആവശ്യമാണ്. അതിനുള്ള എൻ.ഒ.സി. കൊടുത്ത സാഹചര്യത്തിൽ ഞാൻ മന്ത്രിസഭയിൽ അംഗമായിരുന്ന ആളാണ്. സെൽഫ് ഫിനാൻസിംഗ് സ്ഥാപനത്തെ സംബന്ധിച്ചുള്ള ചർച്ച ശ്രീ. ഉമ്മൻ ചാണ്ടി കൺവീനറായിരുന്ന യു.ഡി.എഫ്.-ൽ വന്ന അവസരത്തിൽ അപേക്ഷിക്കുന്നവർക്കെല്ലാം എൻ.ഒ.സി. കൊടുക്കണമെന്നുള്ള നിലപാട് ആദ്യം സ്വീകരിച്ചില്ല. അന്ന് അവിടെ ചർച്ച ചെയ്യപ്പെട്ട പ്രധാനപ്പെട്ട വിഷയം ഇത് കുറേ ആളുകൾ ബിസിനസ്സായിട്ട് മാറ്റും; അതുകൊണ്ട് സെലക്ടഡായിട്ടുള്ള കുറേ

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്ക് മാത്രം എൻ.ഒ.സി. കൊടുത്താൽ മതി എന്നുള്ളകാര്യം യു.ഡി.എഫ്.-ൽ അന്ന് ചർച്ച ചെയ്തു. ഈ ശുപാർശ അന്ന് ശ്രീ. ഉമ്മൻ ചാണ്ടി കേട്ടതാണ്. അതിനുശേഷം കാബിനറ്റിൽ ഈ വിഷയം വന്ന അവസരത്തിൽ അന്നത്തെ മുഖ്യമന്ത്രി സദുദ്ദേശപരമായ ഒരു തീരുമാനം എടുത്തു. സെലക്ഷന് പോയാൽ ആക്ഷേപങ്ങൾക്ക് ഇടവരും. ഇവിടെ അപേക്ഷിക്കുന്ന ആളുകൾക്കെല്ലാം എൻ.ഒ.സി. കൊടുക്കാം. ബാക്കി നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ട ചുമതല മറ്റ് കേന്ദ്ര സ്ഥാപനങ്ങൾക്കുണ്ട്. അവർ ചെയ്യട്ടെ. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അന്നുള്ള ആളുകൾക്ക് എൻ.ഒ.സി. കൊടുത്തത്. അന്ന് ചർച്ചയ്ക്ക് വന്ന പ്രധാനപ്പെട്ട ഒരു സംഗതി, മുഖ്യമന്ത്രി പറയാതിരുന്ന ഒരു സംഗതി എൻ.ഒ.സി. കിട്ടിയിട്ട് സ്ഥാപനങ്ങൾ തുടങ്ങുന്ന ആളുകൾക്ക് ഭീമമായ കൃാപ്പിറ്റേഷൻ ഫീ വാങ്ങാനുള്ള അവസരം നമ്മൾ ഉണ്ടാക്കിക്കൊടുക്കരുത് എന്നുള്ളതാണ്. അന്ന് കാബിനറ്റിലെടുത്ത തീരുമാനമനുസരിച്ച് പല പ്രാവശ്യം അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി പറഞ്ഞത് രണ്ട് സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷൻ സമം ഒരു ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻ എന്നാണ്. ആ ഉദ്ദേശ്യം defeat ചെയ്യപ്പെട്ടു. അതിന് ഈ ഗവൺമെന്റിന് എന്തുചെയ്യാൻ സാധിച്ചു? അത് മുഖ്യമന്ത്രി പറയേണ്ടതായിരുന്നു. അതിൽ എന്റെ പേര് പരാമർശിച്ചു, ഗ്രീഡിഗ്രി സമരവുമായി ബന്ധപ്പെട്ട്. +2 യൂണിവേഴ്സിറ്റിയിൽ നിന്ന് ഡീ-ലിങ്ക് ചെയ്യണമെന്നുള്ള തീരുമാനം അന്നത്തെ കാബിനറ്റ് ഡിസിഷനാണ്. ആ കാബിനറ്റ് ഡിസിഷൻ ടോർപ്പിഡോ ചെയ്തത് അന്നത്തെ യൂണിവേഴ്സിറ്റി ജീവനക്കാരാണ്. ആദ്യം ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം കൊടുക്കുന്ന യൂണിയനായിരുന്നു സമരരംഗത്ത് വന്നത്. ശ്രീധരൻപിള്ള എന്നു പറയുന്ന നേതാവിനെ അദ്ദേഹത്തിന്റെ മുറിയിലാണ് അന്ന് സംരക്ഷിച്ചുവച്ചത്. അന്നത്തെ ഡി.ജി.പി. ശ്രീ. എം. കെ. ജോസഫ് അന്ന് ഈ കാര്യം വിദ്യാഭ്യാസ വകുപ്പു മന്ത്രിയായ എന്നേയും മുഖ്യമന്ത്രിയേയും അറിയിച്ചതാണ്. അന്ന് കാബിനറ്റിലിരുന്ന പലർക്കും അറിയാം.

മി. സ്പീക്കർ : ഇതൊക്കെ ഈ സമയത്ത് ചർച്ച ചെയ്യേണ്ട വിഷയമാണോ? അങ്ങേയ്ക്ക് അറിയാമല്ലോ? അടിയന്തിരപ്രമേയത്തിന്റെ ചർച്ചയിൽ അവതാരകനും മുഖ്യമന്ത്രിയും പറയുന്നതിനൊക്കെ walk out നടത്തുന്ന ആളുകൾ മറുപടി പറഞ്ഞാൽ .....

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ സമ്മതിക്കുന്നു. എന്റെ പേരുവന്ന വിഷയമായതുകൊണ്ട് പറഞ്ഞതാണ്. ഒരു കാര്യം അങ്ങേയ്ക്കുകൂടി അറിയാമല്ലോ, പോലീസിന്റെ നിത്യസംരക്ഷണം വേണമെന്ന്. കൗൺസലിംഗിന് വരുന്ന ആളുകൾക്ക് കൗൺസലിംഗ് നടത്തണ്ടേ? ഇതൊക്കെ അദ്ദേഹം പറഞ്ഞതിനോട് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

യോജിപ്പുണ്ട്. അതിന് സ്വീകരിച്ച മാർഗ്ഗം വളരെ എക്സസ്സീവ് ആയിപ്പോയി. അദ്ദേഹം ചെയ്ത മാർഗ്ഗം ഇവിടെ ദൃശ്യമാധ്യമങ്ങൾ വന്നതുകൊണ്ട് എന്താണ് നടക്കുന്നതെന്ന് അങ്ങും നമ്മൾ എല്ലാവരും കാണുന്നുണ്ട്. ഇന്നലത്തെ ടെലിവിഷൻ കണ്ടാൽ, ഒരു സ്ഥലത്ത് ബ്ലോക്ക് ചെയ്ത് അവിടെ തടഞ്ഞാൽ..... ഇപ്പോൾ എന്തെല്ലാം സൗകര്യങ്ങളാണ് പോലീസിന് ചെയ്തുകൊടുത്തിട്ടുള്ളത്? വയർലെസ്സും എല്ലാ സൗകര്യങ്ങളുമുണ്ട്. എത്ര ആളുകൾ ഈ സമരത്തിൽ പങ്കെടുക്കുന്നുണ്ടെന്ന് കൃത്യമായി സ്പോട്ടിൽ നിൽക്കുന്ന പോലീസുകാർക്ക് അറിയാം. ആവശ്യത്തിന് പോലീസുകാരുണ്ട്. ഇവരെയെല്ലാം കംപ്ലീറ്റായി അക്രമത്തിൽനിന്ന് പിന്തിരിപ്പിച്ച് കൊണ്ടുപോകാൻ സാധിക്കുന്ന പോലീസ് ഫോഴ്സുണ്ട്. ഇഷ്ടംപോലെ വനിതാ പോലീസും ഉണ്ട്. പക്ഷേ, ഇന്നലെ കാണിച്ചത് അതാണോ? ഒരു പോലീസുകാരൻ വന്ന് ഒരു പെൺകുട്ടിയുടെ ഒരു കാൽ വലിച്ചുകൊണ്ടുപോകുകയാണ്. ..... (ബഹളം) .....ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചാണ് വലിച്ചുകൊണ്ടുപോകാതിരിക്കാൻ ശ്രമിച്ചത്. അതിൽ നിന്നാണ് ഒരു പെൺകുട്ടിയുടെ ഒരു കാലിൽ പിടിച്ചുവലിച്ചുകൊണ്ടുപോയത്. .....(ബഹളം) ..... എന്തിനാണ് തർക്കിക്കുന്നത്? ..... ശ്രീ മുസ്തഫയ്ക്ക് പ്രത്യേകത വല്ലതുമുണ്ടോ? ശ്രീ മുസ്തഫയെ മണ്ടൻ മുസ്തഫ എന്ന് നാട്ടുകാർ വിളിക്കുന്നത് ശരിയാണെന്ന് ഇപ്പോൾ മനസ്സിലായില്ലേ? ..... (ബഹളം).....

മി. സ്പീക്കർ : വാക്ക് ഔട്ട് നടത്തിയ അംഗങ്ങൾ അവിടെ കൂട്ടംകൂടിനിന്ന് സംസാരിക്കാൻ പാടില്ല. ഒന്നുകിൽ സീറ്റിൽ ഇരിക്കുക, അല്ലെങ്കിൽ പുറത്തു പോകുക. അവിടെ നിന്ന് ബഹളംകൂട്ടാൻ പാടില്ല. അവരവരുടെ സീറ്റിലിരിക്കാതെ അതിന്റെ പുറകിൽ നിന്ന് വർത്തമാനം പറയുന്നതും ഇവിടെ കമന്റടിക്കുന്നതും ശരിയല്ല. ഒന്നുകിൽ അവരവരുടെ സീറ്റിലിരിക്കുക അല്ലെങ്കിൽ നിങ്ങൾ പുറത്തുപോയി എന്ന് പറഞ്ഞതനുസരിച്ച് പുറത്തു പോകുക.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് പോലീസിനെ ഇങ്ങനെ അങ്ങ് ..... (ബഹളം) .....

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* : Sir, I am on a point of order. ഒരു ബഹുമാനപ്പെട്ട അംഗത്തെക്കുറിച്ച്, കുന്നത്തുനാട് എം.എൽ.എ.-യെക്കുറിച്ച് വളരെ അൺ-പാർലമെന്ററിയായ ഒരു റഫറൻസ് ബഹുമാനപ്പെട്ട ശ്രീ. ടി. എം. ജേക്കബ് നടത്തുകയുണ്ടായി. അൺ-പാർലമെന്ററിയായിട്ടുള്ള ആ അഭിപ്രായപ്രകടനം അങ്ങ് ഡിലീറ്റ് ചെയ്യണം. അത് സഭാ നടപടികളിൽ ഉണ്ടാകാൻ പാടില്ല. ഏറ്റവും നല്ല പാർലമെന്ററിയൻ എന്ന് പണ്ട് പറഞ്ഞിട്ടുള്ള അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

അതേ സ്ഥാനത്ത് നിൽക്കുന്നുവെങ്കിൽ അത് ദയവായി പിൻവലിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ശ്രീ. ടി. എം. ജേക്കബ് : ഞാൻ ഇവിടെ പറഞ്ഞത് അങ്ങ് കേട്ടില്ല, ആരും കേട്ടില്ല. അങ്ങ് എന്നെ പെർമിറ്റ് ചെയ്ത് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിച്ച് പോകാൻ തുടങ്ങുകയായിരുന്നു. അപ്പോഴാണ് ശ്രീ. മുസ്തഫ എഴുന്നേറ്റത്. അദ്ദേഹം എഴുന്നേറ്റപ്പോൾ ഞാൻ പറഞ്ഞു, അങ്ങ് ഇങ്ങനെകിടന്ന് പറയുന്നതുകൊണ്ടാണ് നാട്ടുകാർ അങ്ങയെ മണ്ടൻ മുസ്തഫ എന്ന് വിളിക്കുന്നതെന്ന്. അത് അദ്ദേഹത്തിന് എന്തെങ്കിലും ഫീലിംഗ് ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ഞാൻ അത് പിൻവിലിക്കുന്നു.....(ബഹളം).....

മി. സ്പീക്കർ : രാഷ്ട്രീയക്കാർ അവർ ഇരിക്കുന്ന സീറ്റ് അനുസരിച്ച് അഭിപ്രായം മാറും എന്ന് പറയാറുണ്ട്. പക്ഷേ, മാന്യത നിലനിർത്തണം.

ശ്രീ. ടി. എം. ജേക്കബ് : സഭ്യേതരമായ ഒരു വാക്കും ഞാൻ ഉപയോഗിച്ചിട്ടില്ല. എനിക്കത് നല്ല ബോധ്യമുണ്ട്. എങ്കിലും ബഹുമാനപ്പെട്ട രാധാകൃഷ്ണൻ ഉന്നയിച്ച പശ്ചാത്തലത്തിൽ ഞാൻ ആ പരാമർശം പിൻവലിക്കുന്നു. അത് അൺ-പാർലമെന്ററിയാണെന്ന വിശ്വാസം എനിക്കില്ല. അങ്ങേക്ക് പരിശോധിക്കാം. മലയാള ഭാഷയിലും ഇംഗ്ലീഷ് ഭാഷയിലും അൺ പാർലമെന്ററിയായ വാക്കുണ്ട്. ഞാൻ പറഞ്ഞത് അൺ-പാർലമെന്ററിയല്ല. പാർലമെന്ററി അഫയേഴ്സ് മിനിസ്റ്റർ പറഞ്ഞതുകൊണ്ട് ഞാൻ പിൻവലിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു കാര്യം പറയാനുള്ളത്, അങ്ങ് പോലീസിന് ക്ളീൻ ചിറ്റ് കൊടുക്കരുത്. പാർട്ടി ഓഫീസിൽ കയറിയതിൽ അങ്ങേക്ക് വിഷമമുണ്ട് , പക്ഷേ, അങ്ങനെ പറയേണ്ടിവന്നു എന്നാണ് പറഞ്ഞത്. ഇവിടെ സബ്മിഷൻ വന്നു; അതിനപ്പൊക്കൊന്നും ഞാൻ കടക്കുന്നില്ല. ആദ്യത്തെ സബ്മിഷൻ, പോലീസ് എക്സസ്സ്-നെ സംബന്ധിച്ച് ഭരണ കക്ഷി പറഞ്ഞിരിക്കുന്നതിനെക്കുറിച്ചാണ്. ആറുവയിൽ സെന്റ് മേരീസ് പള്ളിക്കകത്ത് ഇരുന്ന അച്ചൻമാരെയും സഭാ മാനേജിംഗ് കമ്മിറ്റിയിൽ പങ്കെടുത്തവരെയുമാണ് പോലീസ് കയറി അടിച്ചത്. വണ്ടി കത്തിക്കുന്ന ആളുകളെ പിടിക്കണം. പള്ളിക്കകത്ത് ഇരുന്നവർ വണ്ടി കത്തിച്ചില്ല. അതുകൊണ്ട് പോലീസിനെ കയറൂരിവിട്ട് ..... ലോകം മുഴുവൻ റിപ്പോർട്ട് ചെയ്യുന്ന ഒരു വാർത്തയുണ്ട്. ഈദി അമീൻ എന്നു പറയുന്ന ഉഗാണ്ടയിലെ ഭരണാധികാരി ഏകാധിപതിയാണ്. അദ്ദേഹം എതിരാളികളുടെ രക്തം കുടിക്കുമായിരുന്നു; പച്ച മാംസം ഭക്ഷിക്കുമായിരുന്നു. മുഴുവൻ മാധ്യമങ്ങളും ലോകം മുഴുവൻ അത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളത്തിൽ .....

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* : അത് ചരിത്രപരമായ തെറ്റാണ്. ഈദി അമീനെക്കുറിച്ച് പടിഞ്ഞാറൻ മാധ്യമങ്ങൾ ഉണ്ടാക്കിയ കള്ളക്കഥയാണ് ശ്രീ. ടി. എം. ജേക്കബ് ഏറ്റു പറഞ്ഞത്.

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട ബഷീർ പറഞ്ഞത്, പടിഞ്ഞാറൻ മാധ്യമങ്ങളുണ്ടാക്കിയ കള്ളക്കഥയാണെന്നാണ്. ആകട്ടെ. പടിഞ്ഞാറൻ മാധ്യമങ്ങൾ ഇത് പ്രസിദ്ധീകരിച്ചു. അത് ലോകം മുഴുവൻ ശ്രദ്ധയിൽ വന്നു. നമ്മുടെ നാട്ടിലെ പത്രങ്ങളും അങ്ങനെ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഞാൻ അത് ന്യായീകരിക്കുന്നില്ല. അത് ശരിയോ തെറ്റോ എന്ന് ഞാൻ പറയുന്നില്ല. പക്ഷേ, കേരളത്തിൽ മനുഷ്യരക്തവും മാംസവും റോഡിൽ ചിതറാനുള്ള അവസരം ഉണ്ടാക്കരുത്. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ആഭ്യന്തര വകുപ്പ് ഇതിനുമുമ്പും കൈകാര്യം ചെയ്തിട്ടുണ്ട്. ആ സന്ദർഭങ്ങൾ മറന്നുകൊണ്ട് നിരപരാധികളായ പല ആളുകളുടേയും രക്തം തെരുവിൽ ചിന്തുന്ന, അവരുടെ മാംസം തെരുവിൽ ചിതറിവീഴുന്ന ഒരു അവസ്ഥാവിശേഷം ഉണ്ടായി. അങ്ങ് മനുഷ്യരക്തവും മനുഷ്യമാംസവും കൊതിക്കുന്ന ഒരു ഭരണാധികാരിയാണെന്ന് ചരിത്രത്തിൽ രേഖപ്പെടുത്താൻ ഇടവരുത്തരുത്. പോലീസ് എക്സസ്സ് ഈ സംസ്ഥാനത്ത് ഉണ്ടായതിൽ പ്രതിഷേധിച്ച് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. ടി. എം. ജേക്കബും സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

V ശ്രദ്ധ ക്ഷണിക്കൽ

(1) കേരള ദിനേശ് ബീഡി സഹകരണ സംഘം നേരിടുന്ന പ്രതിസന്ധി പരിഹരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, കണ്ണൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന കേരള ദിനേശ് ബീഡി നേരിട്ടുകൊണ്ടിരിക്കുന്ന ഗൗരവമായ പ്രശ്നങ്ങളെപ്പറ്റി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ കാളിംഗ് അറ്റൻഷൻ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. 1969-ൽ സ്ഥാപിച്ചിട്ടുള്ള ഒരു സഹകരണസ്ഥാപനമാണ് കേരള ദിനേശ് ബീഡി. അന്നത്തെ ഗവൺമെന്റ് ബീഡി ആന്റ് സിഗാർ ആക്റ്റ് നടപ്പിലാക്കാൻ തീരുമാനിച്ച സമയത്ത് ഗണേശ്, ഭാരത്, പി. വി. എസ്. ദർബാർ എന്നിവയൊക്കെത്തന്നെ പൂട്ടിപ്പോയിട്ടുള്ള സമയത്ത് ആ മേഖലയിൽ പണിയെടുത്തിരുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി അന്നത്തെ ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly